# വനിതാ നയം 2024

## ആമുഖം

### സ്ത്രീ-ഇന്ത്യൻ അവസ്ഥ

ജാതി-മത-വർഗ്ഗ-വർണ്ണ-ലിംഗ വ്യത്യാസമില്ലാതെ എല്ലാ പൗരർക്കും നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഉറപ്പു നൽകുന്ന ഭരണഘടനയുള്ള രാജ്യമാണ് ഇന്ത്യ. സമൂഹത്തിൽ നാനാതരം വിവേചനങ്ങളേറ്റു വാങ്ങുന്ന സ്ത്രീകൾക്ക് ലിംഗപദവി സമത്വം ഉറപ്പാക്കുന്നതിനായി സവിശേഷ സംരക്ഷണവും അവസരങ്ങളും അനുവദിക്കുന്ന നിരവധി വകുപ്പുകൾ ഇന്ത്യൻ ഭരണഘടനയിലുണ്ട്. ഇതിനനുസൃതമായി സ്വാതന്ത്ര്യാനന്തരമുള്ള ആറു ദശകങ്ങളിൽ ഒട്ടേറെ സംരക്ഷണ നിയമങ്ങളും ഭരണപരമായ നടപടികളും രാജ്യത്ത് നിലവിൽ വരികയുണ്ടായി. സ്ത്രീകൾക്കെതിരായ എല്ലാ വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള ഐക്യരാഷ്ട്ര സഭയുടെ സീഡോ ഉടമ്പടിയിൽ ഒപ്പുവെച്ച രാജ്യമാണ് ഇന്ത്യ. അതുകൊണ്ടു തന്നെ ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ സ്ത്രീകൾ നേരിടുന്ന വിവേചനങ്ങൾ അവസാനിപ്പിച്ച് സമൂഹത്തിന്റെ എല്ലാ മേഖലകളിലും ലിംഗപദവി തുല്യത ഉറപ്പാക്കുന്നതിന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ബാധ്യസ്ഥരാണ്. എന്നാൽ വിവേചനങ്ങളിൽ നിന്നും സ്ത്രീക്ക് പൂർണ്ണമായും മോചനം ലഭിക്കുന്നതിനോ നിയമങ്ങൾ നൽകുന്ന സംരക്ഷണം പോലും പൂർണ്ണമായി അനുഭവിക്കുന്നതിനോ ഇനിയും കഴിയാത്ത സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക അന്തരീക്ഷമാണ് രാജ്യത്തു നിലനിൽക്കുന്നത്. ജാതിമേധാവിത്വത്തിന്റെയും ഭൂപ്രഭുത്വത്തിന്റെയും അധികാരബന്ധങ്ങളും പരമ്പരാഗത ആൺകോയ്മാ മൂല്യബോധവും ചേർന്ന് സൃഷ്ടിച്ച ലിംഗ വിവേചനത്തിന്റെ രൂപങ്ങളിൽ നിന്ന് ഇന്ത്യൻ സ്ത്രീ ഇനിയും മോചിതയായിട്ടില്ല. രണ്ടു ദശകത്തോളമായി ഇന്ത്യയിൽ നടപ്പാക്കി വരുന്ന ആഗോളവത്കരണ സാമ്പത്തികനവലിബറൽ നയങ്ങൾ ചൂഷണത്തിന്റെ പുതിയ പ്രതിസന്ധികൾ സ്ത്രീകൾക്കായി തീർത്തുകൊണ്ടിരിക്കുന്നു. രാജ്യത്ത് നിലനിൽക്കുന്ന വർഗ്ഗീയതയും സ്ത്രീ വിരുദ്ധതയും കോർപ്പറേറ്റ് വൽക്കരണവും ധനമൂലധനത്തിന്റെ അതിപ്രസരവും ഒക്കെത്തന്നെ കഴിഞ്ഞ ഒരു ദശകമായി ഇന്ത്യൻ ജനജീവിതത്തെ പ്രതിസന്ധിയിൽ ആക്കിയിരിക്കുന്നു. പാഠ്യപദ്ധതിയിൽ നിന്നും തമസ്കരിക്കപ്പെടുന്ന ശാസ്ത്രാവബോധവും ചരിത്ര വസ്തുതകളെ വളച്ചൊടിക്കുന്ന കേന്ദ്ര വിദ്യാഭ്യാസ നയവും ഹൈന്ദവവൽക്കരണവും സാധാരണ ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. ഈ

വിഷമവൃത്തത്തിൽ നിന്ന് സ്ത്രീ സമൂഹത്തെ സ്വതന്ത്രമാക്കണമെങ്കിൽ ഭരണരംഗത്തും സാമൂഹ്യ സാംസ്കാരിക മേഖലകളിലും ലിംഗ പദവി തുല്യത ഉറപ്പാക്കുന്ന സമഗ്രവും ഫലപ്രദവുമായ ഇടപെടലുകൾ രാജ്യത്ത് അത്യന്താപേക്ഷിതമാണ് .

**കേരളത്തിലെ സ്ത്രീ പദവി-വെല്ലുവിളികൾ**

ഇന്ത്യയിലെ സ്ത്രീകളുടെ പൊതുസ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്തമായൊരു വളർച്ചയുടെ ചരിത്രവും സമകാലിക ചിത്രവുമാണ് കേരളത്തിലെ സ്ത്രീ പദവി സംബന്ധിച്ച് കാണാൻ കഴിയുന്നത്. കേരളസമൂഹത്തെ അടിമുടി മാറ്റിമറിക്കാൻ പര്യാപ്തമായവിധം ഒന്നര നൂറ്റാണ്ടിലധികം നീണ്ടു നിന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെയും നവോത്ഥാന പ്രക്രിയയുടെയും അവകാശ സമരങ്ങളുടെയും, അവയുടെ തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സർക്കാറുകളുടെ ഭരണ നടപടികളുടെയും അനന്തരഫലമാണ് ഇന്നത്തെ കേരളത്തിലെ സ്ത്രീ ജീവിതത്തിൽ കാണുന്നത്. എന്നാൽ ആരോഗ്യ- വിദ്യാഭ്യാസ-സാമൂഹ്യക്ഷേമരംഗങ്ങളിൽ കേരളത്തിലെ സ്ത്രീ സമൂഹം നേടിയിട്ടുള്ള മുൻകയ്യും താരതമ്യേന മെച്ചപ്പെട്ട ജീവിതഗുണനിലവാരവും അംഗീകരിക്കുമ്പോൾ തന്നെ കേരളത്തിലെ സ്ത്രീകൾ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്.പൂർണ്ണമായും ലിംഗപദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിന് ഇനിയും കേരളത്തിൽ കഴിഞ്ഞിട്ടില്ലെന്നുമുള്ള ദൗർബല്യം തിരിച്ചറിയേണ്ടതുണ്ട്. കേരള വികസനത്തിന്റെ വൈരുദ്ധ്യങ്ങളെന്ന് ഗവേഷകർ ചൂണ്ടിക്കാണിച്ചിട്ടുള്ള ഈ പരിമിതികൾ മറികടന്നുകൊണ്ടല്ലാതെ ലിംഗ പദവി തുല്യതയിലേക്ക് കേരള സമൂഹത്തെ നയിക്കാനാവില്ല.

ലിംഗസമത്വത്തെ കൂടുതൽ രൂക്ഷമാക്കുന്ന സമകാലിക രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യസാഹചര്യത്തിൽ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകൾ സ്വാഗതാർഹമാണ്. കേരളത്തിൽ ലിംഗ പദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിന് പര്യാപ്തമായ ആശയപ്രചരണങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും സർക്കാരിന്റെ മുൻകൈയോടെ സമൂഹത്തിന്റെ പങ്കാളിത്തത്തോടെ തുടരേണ്ടതുണ്ട്. സംസ്ഥാന സർക്കാർ രൂപം നൽകിയ വനിതാ നയം മാറുന്ന കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പുതുക്കുകയും സമഗ്രമാക്കുകയും ചെയ്യേണ്ടതുണ്ട്.

**ഇന്നത്തെ കേരളം**

വനിതാ നയം ഉണ്ടാവുന്നത് മൂന്ന കാലഘട്ടങ്ങളിലായാണ്. 1996, 2009, 2015 എന്നീ വർഷങ്ങളിലായാണ് വനിതാ നയം കേരള സർക്കാർ പ്രഖ്യാപിക്കുന്നത്. 2015 ൽ നിന്നും 2023 വരെയുള്ള കാലഘട്ടത്തിൽ കേരളം, വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഈ കാലഘട്ടത്തിൽസാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക-രാഷ്ട്രീയകേരളം സമാനതകളില്ലാതെ വളരുകയായിരുന്നു. വികസന പ്രവർത്തനങ്ങൾക്ക് വിഘാതമായി പ്രകൃതി ക്ഷോഭങ്ങളും, മഹാമാരിയും കേരളത്തെ ബാധിച്ചപ്പോഴും തനതായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ട് കേരളം വ്യത്യസ്തമായി തന്നെ നില കൊള്ളുകയും ശക്തമായി മുന്നോട്ടു കുതിക്കുകയും ചെയ്തിട്ടുണ്ട്.

ഭദ്രമായ ക്രമസമാധാനവും, മതനിരപേക്ഷതയിലൂന്നിയ ജീവിത ക്രമവും ജനജീവിതം മെച്ചപ്പെടുത്താൻ കേരള ജനതയെ സഹായിക്കുന്നു. അതിന്റെ കൂടെ സ്ത്രീപക്ഷത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സർക്കാർ കേരളത്തിൽ ഉണ്ട് എന്നതും ഏറെ ശക്തി പകരുന്നതാണ്.

മഹാമാരിയുടെ പ്രതിരോധത്തിൽ പൂർണമായും ഇടപെട്ടുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു 2019 മുതലുള്ള വർഷങ്ങൾ. സർക്കാർ സംവിധാനങ്ങളെയും ജനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് തന്നെ

" കരുതൽ" പ്രവർത്തനങ്ങൾ നടത്തുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, ലോകശ്രദ്ധയെ പിടിച്ചു പറ്റുന്ന രീതിയിൽ മാതൃകയാവാനും കേരളത്തിന് കഴിഞ്ഞു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കു ചെറുതല്ല. സജീവ പങ്കാളികളായും സന്നദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരായും ജനസ്നേഹമുള്ള ജനസേവികമാരായും ഇക്കാലഘട്ടത്തിൽ സ്ത്രീകൾ പൊതു രംഗത്ത് നിറഞ്ഞു നിന്നിരുന്നു. അതിനുള്ള പ്രവർത്തനങ്ങൾ കേരളം കഴിഞ്ഞ ഏഴു വർഷങ്ങളിൽ നടത്തിയിരുന്നത് കൊണ്ടാണ് ഇത് സാധ്യമാക്കിയത്.

കേരളത്തെ "മാതൃക" യാക്കി ചിത്രീകരിക്കുമ്പോഴും കേരളം അഭിമുഖീകരിച്ചിരുന്ന മുഖ്യമായ രണ്ടു വിഷയങ്ങൾ തൊഴിൽ രംഗത്തുള്ള സ്ത്രീപ്രാതിനിധ്യത്തിന്റെ കുറവും , സ്ത്രീകൾക്ക് നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളുമായിരുന്നു. അത് കൊണ്ട് തന്നെ, 2016 മെയ് മാസം ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഇടതുപക്ഷ സർക്കാർ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിനും സ്ത്രീ സുരക്ഷക്കും ഊന്നൽ കൊടുത്തുകൊണ്ട്, സ്ത്രീപക്ഷ കേരളം എന്ന ആശയത്തിന് രൂപം നൽകി. 2016 ൽ

തന്നെ അതിനായി സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിതാ ശിശു വികസന വകുപ്പിന് രൂപം കൊടുത്തു. പൂജപ്പുര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ജില്ലാ തലത്തിൽ ഓഫീസർ മാരെ നിയമിച്ചു പൂർണ രൂപത്തിൽ പ്രവർത്തിച്ച് തുടങ്ങി. അങ്കണവാടി, ശിശു കേന്ദ്രങ്ങൾ, (children's homes) വനിതാ വികസന കോർപ്പറേഷൻ, നിർഭയ പദ്ധതി, വനിതാ കമ്മീഷൻ, ജെൻഡർ കൌൺസിൽ എന്നിവ ഈ വകുപ്പിന്റെ കീഴിലാണ്. വനിതാ വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട സ്ത്രീസുരക്ഷക്കായുള്ള 24X7 എന്ന രീതിയിൽ പ്രവർത്തിക്കുന്ന മിത്രാ 181 എന്ന വനിതാ ഹെൽപ് ലൈൻ 2017 ൽ തന്നെ നടപ്പിലായി. "ഗാർഹിക പീഡനനിരോധന നിയമം 2012" നടപ്പിലാക്കുന്നതിനായി 2017 മുതൽ പതിനാലു ജില്ലകളിലും വുമൺ പ്രോട്ടക്ഷൻ ആപ്പീസർമാരെ നിയമിച്ചു പ്രവർത്തിച്ചു വരുന്നു.

പൊതു ഇടങ്ങളിലും സ്വകാര്യ ഇടങ്ങളിലും അതിക്രമങ്ങൾക്ക് ഇരയാവുന്ന സ്ത്രീകളെ സഹായിക്കുന്നതിനായി "സഖി" വൺ സ്റ്റോപ്പ് സെന്ററുകൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നു. അതിക്രമങ്ങൾക്ക് ഇരയായി അവിടെ എത്തുന്ന സ്ത്രീകൾക്ക് 24X7 സേവനം ഉറപ്പു വരുത്തുന്നുണ്ട്. അതുപോലെ, ലൈംഗിക ആക്രമണത്തിന് ഇരയായ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും സുരക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ആസിഡ് ആക്രമണം, ലൈംഗികഅതിക്രമം എന്നിവയെ അതിജീവിച്ച സ്ത്രീകൾക്ക് "അതിജീവിത നഷ്ടപരിഹാര"മായി (Victim Compensation) "ആശ്വാസ നിധി" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

യാത്ര ചെയ്യുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം വൃത്തിയുള്ളതും, സുരക്ഷിതവുമായ ശുചിമുറികൾ ഒരുക്കാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 58ഓളം ഫ്രെഷ്നെസ് സെന്ററുകൾ ഒരുക്കിയിട്ടുണ്ട്. അതുപോലെ, ആശുപത്രികൾ സ്ത്രീ സൗഹൃദമാക്കുകയും, പരിശോധനാ മുറികളുടെ സ്വകാര്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുടുംബശ്രീ വഴി "സ്നേഹിത" എന്ന ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിച്ചു വരുന്നു.

സ്ത്രീധന മരണങ്ങൾ കേരളത്തിലും ഉണ്ടായതിനെ തുടർന്ന്, സ്ത്രീധന നിരോധന നിയമത്തിന്റെ പ്രചാരണം നടത്തുവാനും ഭേദഗതി ചെയ്യുവാനും വനിതാ ശിശു വികസന വകുപ്പ് തുടക്കമിട്ടു. അഞ്ചു വർഷത്തിൽ സ്ത്രീധനം പൂർണമായും നിർമാർജനം ചെയ്യുക എന്നതാണ് ലക്ഷ്യം.

സ്ത്രീ സുരക്ഷക്ക് മുൻഗണന കൊടുക്കുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പ്, ആറ് സ്റ്റേഷനുകളിൽ വനിതാ സ്റ്റേഷൻ ഹൗസ് ആപ്പീസർമാരെ നിയമിച്ചു. അതുപോലെ സംസ്ഥാനത്തെഎല്ലാ പോലീസ് സ്റ്റേഷനിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന 1091 വനിതാ ഹെല്പ് ലൈൻ നമ്പറും വനിതാ ഹെല്പ് ഡസ്കും ഒരുക്കി. ഷീ-ടാക്സി, ഷീ-ഓട്ടോ, എന്നിവ എല്ലാ ജില്ലയിലും ആരംഭിച്ചു. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ ഉണ്ടായി. മൊത്തം പോലീസ് സേനയുടെ 15% എന്നരീതിയിൽ പോലീസ് വനിതകളെ നിയമിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 60% സ്ത്രീകൾക്കും സ്വയംപ്രതിരോധ പരിശീലനം നൽകാൻ കഴിഞ്ഞു.

ഒറ്റക്ക് ജീവിക്കുന്നവരും ഒറ്റപ്പെട്ടവരുമായ സ്ത്രീകളുടെയും സ്ത്രീനാഥയായ കുടുംബങ്ങളെയും കേന്ദ്രീകരിച്ച സ്വയം തൊഴിൽ തുടങ്ങാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

തൊഴിൽ രംഗത്ത് സ്ത്രീകളെ എത്തിക്കുകയും തൊഴിൽ പ്രാതിനിധ്യം വർധിപ്പിക്കുകയും ചെയ്യുന്നതോടെ, സ്ത്രീകളുടെ ആശ്രിതത്വം കുറയുവാൻ ഇടയുണ്ട്. മാത്രമല്ല, സ്ത്രീകളുടെ തൊഴിൽ പ്രാതിനിധ്യം കുറഞ്ഞിരിക്കുന്ന കേരള സംസ്ഥാനത്ത്, സ്ത്രീകളെ തൊഴിൽ രംഗത്ത് എത്തിക്കുക എന്നതും അത്യാവശ്യമാണ്. അതിനായി സ്ത്രീകളുടെ നൈപുണി വികസിപ്പിക്കുകയും, കാലാനുസൃതമായ മാറ്റങ്ങൾ അവരുടെ തൊഴിൽ രംഗത്ത് ഉണ്ടാവുകയും ചെയ്യണം എന്ന ധാരണയോടെ, നൈപുണി വികസനത്തിൽ ഊന്നിക്കൊണ്ടാണ് കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ രംഗം വികസിപ്പിക്കാൻ ഉദ്യമം നടക്കുന്നത്.

പരമ്പരാഗതമായി സ്ത്രീകൾ ചെയ്തിരുന്ന തൊഴിലുകളുടെ ലഭ്യതക്കുറവും തൊഴിൽ രംഗത്ത് ലിംഗതുല്യത ഉറപ്പ വരുത്തണമെന്നുള്ള ഇന്നത്തെ ആവശ്യവും കണക്കിലെടുത്ത് കൊണ്ടാണ് പുരുഷന്മാർ മാത്രം ഇടപെട്ടിരുന്ന തെങ്ങുകയറ്റം, പ്ലംബിംഗ്, വയറിംഗ്, ലോക്കോ പൈലറ്റ് പോലുള്ള തൊഴിലുകളിൽ നൈപുണി വർധിപ്പിച്ചിട്ടുള്ളത്. അത് സ്ത്രീകളെ കൂടുതലായി തൊഴിൽ രംഗത്തേക്ക് കൊണ്ടുവരുവാൻ സഹായിച്ചിട്ടുമുണ്ട്. കൂടാതെ, കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിന്റെ ഭാഗമായി, Knowledge Mission സ്ത്രീകൾക്ക് തൊഴിൽ വാഗ്ദാനം കൊടുക്കുന്ന രീതിയിൽ നൈപുണി നൽകിയിട്ടുണ്ട്. Reskilling/up skilling

എന്നിങ്ങനെ തൊഴിൽ രംഗത്ത് ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കാനുള്ള കർമപരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

അസംഘടിത തൊഴിൽ മേഖലയിൽ ഭൂരിഭാഗം സ്ത്രീകളാണ്. അസംഘടിത മേഖലയിലെ തൊഴിലാളികളെ മുഴുവൻ ക്ഷേമനിധി വലയത്തിൽ കൊണ്ടുവരാൻ കേരള അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷ ബോർഡ് മുഖേന നടപടി എടുത്തിട്ടുണ്ട്. ഇപ്പോൾ ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ എണ്ണം 80,07,299 ആയി ഉയർന്നു. അസംഘടിതമേഖലക്കാർക്ക് ബാങ്ക് വഴി 'വേതനസുരക്ഷ'പദ്ധതി നടപ്പിലാക്കി. 12,444 പാചക തൊഴിലാളികൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷ ബോർഡിൽ അംഗത്വം നൽകി.

തൊഴിലിടത്തിലെ ലൈംഗിക പീഡനം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി പോഷ് ആക്ട് ന്റെ നോഡൽ ഏജൻസിയായി വനിത ശിശു വികസന വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന്, വകുപ്പ് കൈപുസ്തകം ഉണ്ടാക്കി പ്രചരിപ്പിച്ചു. കൂടാതെ, എല്ലാ സ്ഥാപനങ്ങളിലും IC യും LC യും ഉണ്ട് എന്നുറപ്പ് വരുത്താനുള്ള പരിപാടിക്ക് തുടക്കമിട്ടു.

കേരളത്തെ സ്ത്രീപക്ഷ കേരളം ആക്കി മാറ്റുന്നതിന്റെ ഭാഗമായി കുറെയേറെ പ്രവർത്തനങ്ങൾ സർകാര് തലത്തിൽ നടന്നു കൊണ്ടിരിക്കുന്നു. ഭരണത്തിന്റെയും അധികാരത്തിന്റെയും പരിധിയിൽ വരാത്തവരാണ് സ്ത്രീകൾ എന്നത് പ്രാദേശിക തലത്തിൽ വെറുംവാക്കാവുന്ന വിധം, ഇന്ന് കേരളത്തിലെ ത്രിതല പഞ്ചായത്തുകളിൽ മൊത്തം 11319 സ്ത്രീകൾ അധികാരത്തിലുണ്ട്. വികേന്ദ്രീകരണ ഭരണ പരിശീലനകേന്ദ്രമായ "കില" (Kerala Institute of Local Administration) യിൽ 50% സ്ത്രീ ജനപ്രതിനിധികൾ പരിശീലനം നേടുന്നു. സംസ്ഥാനത്തിൽ ജൻഡർ ഓഡിറ്റും, ജൻഡർ ബജറ്റും നടപ്പാക്കി വരുന്നു. സംസ്ഥാന ബജറ്റിന്റെ 20% ത്തോളം സ്ത്രീകൾക്കായി മാറ്റി വെക്കപ്പെടുന്ന ഏക സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു.

കുടുംബശ്രീക്ക് 4% പലിശനിരക്കിൽ വായ്പ നൽകി ക്കൊണ്ട് സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നു. അതുപോലെതന്നെ, വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനായി നോർക്ക റൂട്ട് കേന്ദ്രീകരിച്ച NRK വനിതാ സെൽ രൂപീകരിച്ച പ്രവർത്തിക്കുന്നു. .

ഇത്തരത്തിൽ "സ്ത്രീപക്ഷ കേരളം" എന്ന ആശയത്തിലൂന്നി കേരളം അതിവേഗം മുന്നേറി ക്കൊണ്ടിരിക്കുന്നു. എങ്കിലും ഇനിയും വികസനം ഉണ്ടാവേണ്ട മേഖലകൾ

ഉണ്ട്. അവയെ ക്കറിച്ച പഠിക്കുവാനും പരിഹാരം കാണാനും കൂടി കഴിഞ്ഞാൽ മാത്രമേ " സ്ത്രീപക്ഷ കേരളം"എന്നത് സാർത്ഥകമാകയുള്ളൂ.

പുരുഷമേധാവിത്തം ഇന്നും നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ സ്ത്രീകളുടെ നയ പരിപാടികൾ തയ്യാറാക്കുമ്പോൾ സ്ത്രീകളെ രണ്ടാം കിട പൗരകളാക്കി മാറ്റുന്ന ആണധികാര ആശയങ്ങളെയും പ്രവർത്തികളെയും ചോദ്യം ചെയ്യേണ്ടതുണ്ട്. ട്രാൻസ്ജൻഡർ ജനങ്ങൾക്കായി ഒരു നയം രൂപീകരിച്ച കേരളത്തിൽ, ലിംഗനീതിക്കായുള്ള പോരാട്ടത്തിൽ പുരുഷന്മാരെയും മറ്റു ലിംഗ ന്യൂനപക്ഷങ്ങളെയും ഒന്നിച്ച നിർത്തിക്കൊണ്ടാണതസാധ്യമാവുക. മാത്രമല്ല, സ്ത്രീകളുടെ അരക്ഷിതാവസ്ഥക്ക് കാരണമാകുന്ന വർഗീയത, മതാന്ധത, സ്ത്രീശരീരത്തെ ലാക്കാക്കി നടക്കുന്ന ഉപഭോക്തൃ സംസ്കാരം, വിപണി രാഷ്ട്രീയം, നവലിബറൽ നയങ്ങൾ എന്നിവയും, അത് നടപ്പിലാക്കാൻ കൂട്ടു പിടിക്കുന്ന ആൺ കോയ്മ മനോഭാവത്തെയും ചോദ്യം ചെയ്യേണ്ടതുണ്ട്. ഇത് കൂടാതെ, സാമൂഹ്യ വിപത്തുകളായ മദ്യപാനം, ലഹരി ഉപയോഗം, അന്ധവിശ്വാസങ്ങൾ, അശാസ്ത്രീയവും നാശോന്മുഖവുമായ അനുഷ്ഠാനങ്ങൾ എന്നിവ നിഷ്കാസനം ചെയ്യേണ്ടതുണ്ട്. അത് സാധ്യമാകാൻ പൊതുസമൂഹത്തിനു ബോധവൽക്കരണം നിർബന്ധമായും നടപ്പിലാക്കണം. കാരണം, ഇത് മൊത്തം സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്.

അതേസമയം, സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്ത്രീകൾക്കായുള്ള നയപരിപാടികളും ആവിഷ്കരിക്കണം. ഇതനുസരിച്ച് എല്ലാ മേഖലകളിലും നിലനിൽക്കുന്ന വിവേചനങ്ങളെ മറി കടന്നു കൊണ്ട് പൂർണമായ ലിംഗസമത്വസമൂഹം സൃഷ്ടിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തെ സാധ്യമാക്കാൻ ഓരോ മേഖലയിലും നിലനിൽക്കുന്ന വിവേചന രൂപങ്ങളെ തിരിച്ചറിഞ്ഞു അവയെ ഇല്ലാതെയാക്കുവാനുള്ള കർമ പരിപാടിയാണ് കേരള സർക്കാർ മുന്നോട്ടു വെക്കുന്നത്.

വനിതാനയം ഊന്നൽ നൽകുന്നത്, അന്തസ്സായി ജീവിക്കാനുള്ള സ്ത്രീകളുടെ അവകാശവും, ഉന്നമനവും, മറ്റു ലിംഗപദവിയിൽ ഉള്ളവരെയും കൂടെ ചേർത്തു നിർത്തിക്കൊണ്ട് മാത്രമേ സാധ്യമാവുകയുള്ളൂ എന്നതാണ്. അത്തരം വിഭാഗങ്ങളിൽ കൃത്യമായ ബോധവൽക്കരണവും, മനോഭാവത്തിൽ മാറ്റവും ഉണ്ടാക്കിക്കൊണ്ട് മാത്രമേ സാമൂഹ്യ നീതി ഉറപ്പു വരുത്തുവാൻ സാധിക്കയുള്ളൂ, എന്ന വ്യക്തമായ ബോധം സർക്കാരിനുണ്ട്. കഴിഞ്ഞ മൂന്നു നയങ്ങളിലും

പ്രതിപാദിച്ച പല പരിപാടികളും നടപ്പിലാക്കി ക്കൊണ്ടാണ് കേരളം മുന്നേറുന്നത്. എങ്കിലും ഇനിയും നിറവേറ്റാനുള്ള കർമപരിപാടികളും നയരൂപീകരണങ്ങളും ആവിഷ്കരിക്കേണ്ടതുണ്ട്. അവയെ കാലാനുസൃതമായി പരിഷ്കരിക്കുക എന്ന ദൗത്യമാണ് വനിതാനയം 2023 ലൂടെ സർക്കാർ നടപ്പിലാക്കുന്നത്.

**വനിതാ നയം – കാഴ്ചപ്പാട്:-**

സ്ത്രീ ഒരു തൊഴിലാളി എന്ന നിലയിലും പൗരയെന്ന നിലയിലും സ്ത്രീയെന്ന നിലയിലും ത്രിമുഖമായ പോരാട്ടം നടത്തേണ്ടിവരുന്ന അവസ്ഥ ഇന്നും തുടരുന്നു. സ്ത്രീകളുടെ സുരക്ഷക്കും തൊഴിലവകാശ സംരക്ഷണത്തിനും വേണ്ടി ഇന്ത്യൻ ഭരണ ഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റെയും സാമൂഹ്യ നീതിയുടെയും ലിംഗനീതിയുടെയും തത്വങ്ങളിൽ ഊന്നിനിന്നു കൊണ്ടുള്ള കർമപരിപാടികൾ നടപ്പിലാക്കുമെന്നതാണ് വനിതാ നയത്തിന്റെ കാഴ്ചപ്പാട്. കേരളത്തിൽ ലിംഗനീതിയുടെ പ്രശ്നത്തെ നാം കാണുന്നത് സാമൂഹ്യമായി അരികുവൽക്കരിക്കപ്പെട്ടവരും ചൂഷിതരുമായ വിഭാഗങ്ങളുടെ മോചനത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ ഉൾചേർത്ത്കൊണ്ടാണ്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി സമഗ്രമായ ഒരു വനിതാ നയവും അത് നടപ്പാക്കുന്നതിനാവശ്യമായ കർമ്മപരിപാടികളും ഇവിടെ അവതരിപ്പിക്കുകയാണ്.

**വനിതാ നയം ലക്ഷ്യങ്ങൾ:-**

- ജാതി-മത-ലിംഗ വിവേചനങ്ങൾ സൃഷ്ടിക്കുന്ന ചൂഷണങ്ങളിൽ നിന്നും സ്ത്രീകളെ മോചിപ്പിച്ചു കൊണ്ട് കേരളത്തിൽ ലിംഗ തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയാണ് വനിതാ നയത്തിന്റെ ലക്ഷ്യം.
- പരമ്പരാഗത ആശയങ്ങളുടെയും മുതലാളിത്ത നവ- ലിബറൽ ആൺകോയ്മാ മൂല്യബോധത്തിന്റെയും ധാരണകൾ, അധികാര ബന്ധങ്ങൾ എന്നിവ സമൂഹത്തിലെ എല്ലാ മേഖലകളിൽ നിന്നും തുടച്ചു നീക്കുന്നതിന് സഹായകമായ ഭരണപരവും സാമൂഹ്യവും സാംസ്കാരികവും ആയ ഇടപെടലുകൾനടത്തും.
- ഭരണ നിയമനിർമാണ സഭകളിലും തീരുമാനമെടുക്കുന്ന വേദികളിലും പൗരസമൂഹത്തിലും സ്ത്രീകൾക്ക് തുല്യ പങ്കാളിത്തം ഉറപ്പാക്കി സമൂഹ സൃഷ്ടിയിൽ ജനസംഖ്യയിൽ പകുതിയിൽ അധികം വരുന്ന സ്ത്രീകളുടെ സ്ഥാനം ഉറപ്പാക്കും.

- ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, നിയമസംരക്ഷണം, സാമൂഹ്യസംരക്ഷണം, ഭരണരംഗം, സൈബർഇടങ്ങൾ ഉൾപ്പെടെയുള്ള സാംസ്കാരിക മണ്ഡലം, എന്നിവയിൽ എല്ലാം സ്ത്രീകളുടെ അവകാശങ്ങൾ പ്രാപ്യമാക്കുകയും സ്ത്രീ പങ്കാളിത്തത്തോടെ ഈ മേഖലകളുടെ ഗുണമേന്മയും ദൃശ്യതയും വർധിപ്പിക്കുകയും ചെയ്യും.
- സ്ത്രീകളെ ബാധിക്കുന്ന എലാവിധ അതിക്രമങ്ങളും വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള നിയമസംവിധാനം ശക്തമാക്കും. അതിനായുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകളെ സജ്ജരാക്കും.
- കേരള വികസനപ്രക്രിയ ലിംഗപദവി കാഴ്ചപ്പാടോട്കൂടി ഉള്ളതാക്കും. സ്ത്രീപക്ഷ കേരളം എന്ന സ്വപ്നം/ലക്ഷ്യം സഫലീകരിക്കും. ഇതിനായി സംസ്ഥാന സർക്കാർ, ത്രിതല പഞ്ചായത്തുകൾ, മറ്റു വികസന ഏജൻസികൾ, പൌരസമൂഹം, എന്നിവയുടെ സമീപനത്തിൽ ലിംഗ പദവി അവബോധം വളർത്തുന്നതിനായുള്ള ഇടപെടലുകൾ നടത്തും.
- കുടുംബം,വിദ്യാഭ്യാസം,സാംസ്കാരികഇടങ്ങൾ,പൊതുഇടങ്ങൾ, തുടങ്ങിയവ ജനാധിപത്യവൽക്കരിക്കുന്നതിനും ലിംഗപദവി സൗഹൃദമാക്കുന്നതിനും പ്രേരണ ചെലുത്തും.
- കേരളത്തിൽ മാറിവരുന്ന ജനസംഖ്യ രൂപരേഖ (Demographic profile)കണക്കിലെടുത്ത് വയോജന സ്ത്രീ സംരക്ഷണം ഉറപ്പു വരുത്തും.
- ഒരു സമ്പൂർണ വ്യക്തി എന്ന നിലയിൽ സമൂഹത്തിൽ ഇടപെടുന്ന രീതിയിൽ സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യവും പ്രവർത്തന സ്വാതന്ത്ര്യവും സ്വാശ്രയത്വവും ഉറപ്പാക്കും.

**നയങ്ങളും കർമപരിപാടികളും വിഷയം തിരിച്ചു.**

1. **വിദ്യാഭ്യാസം:-**

വ്യക്തികളെയും സമൂഹങ്ങളെയും രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം ഒരു പ്രധാന പങ്കു വഹിക്കുന്നു. ഭരണഘടന വ്യവസ്ഥ ചെയ്യുന്ന മതനിരപേക്ഷതയും ശാസ്ത്രബോധവും ഫെഡറലിസവും പ്രതിഫലിപ്പിക്കുന്ന ഘടനാപരമായ ഉള്ളടക്കം വിദ്യാഭ്യാസത്തിന് അത്യന്താപേക്ഷിതമാണ്. അതിനോടൊപ്പം, ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങളും സിദ്ധാന്തങ്ങളും കൊണ്ട് ചലനാത്മകമായ വൈജ്ഞാനിക മണ്ഡലത്തെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ മുന്നോട്ട് വെച്ചാൽ മാത്രമേ

അശാസ്ത്രീയവും അയുക്തവുമായ ലോക ബോധത്തേയും ഉച്ചനീചത്വങ്ങളേയും ഇല്ലാതാക്കാൻ സാധിക്കു. അതുകൊണ്ടു തന്നെ ലിംഗപദവി തുല്യത ഉറപ്പു വരുത്തുന്നതിന് ഏറ്റവും അനുയോജ്യമായ ഉപകരണമാണ് വിദ്യാഭ്യാസം. കേരളത്തിലെ നിലവിലുള്ള സാമൂഹിക യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞും ന്യൂനതകൾ പരിഹരിച്ചും, പഠിതാവ് സൃഷ്ടിക്കേണ്ട ലിംഗ സമത്വത്തിലധിഷ്ഠിതമായ ഭാവി സമൂഹത്തെ വിഭാവനം ചെയ്തും ആവണം, ഏതൊരു പുതിയ പാഠ്യപദ്ധതിയിലേയും പഠന ബോധന പ്രക്രിയകൾ. അത് മാത്രമല്ലാതെ, പഠന അന്തരീക്ഷം, സ്കൂൾ/ കോളേജ് ക്യാമ്പസുകൾ, ഹോസ്റ്റലുകൾ, ഇരിപ്പിടങ്ങൾ, എന്നിവ സ്ത്രീ സൗഹൃദമാവേണ്ടതുമുണ്ട്.

കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസനില പരക്കെ അഭിനന്ദിക്കപ്പെടാറുണ്ട്. എന്നാൽ തീരദേശം, ആദിവാസി, മുസ്ലീം തുടങ്ങിയ ജനവിഭാഗങ്ങളുടെഇടയിൽ സ്ത്രീസാക്ഷരത കേരള ശരാശരിയേക്കാൾ കുറവാണ്. സെക്കന്ററി, ഹയർ സെക്കന്ററി, ബിരുദം, ബിരുദാനന്തര ബിരുദം, ബി.എഡ്, ടി.ടി.സി തുടങ്ങിയ കോഴ്സുകളിലെല്ലാം തന്നെ 60 മുതൽ87 ശതമാനം വരെ പെൺകുട്ടികളുടെ പങ്കാളിത്തമുണ്ട്.

സാക്ഷരതയിലും പൊതുവിദ്യാഭ്യാസരംഗത്തും കേരളത്തിൽ സ്ത്രീകൾക്ക് മെച്ചപ്പെട്ട നില കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും ഏറെ നേട്ടങ്ങൾ കൈവരിക്കേണ്ടതുണ്ട്. വികസിച്ച വിദ്യാഭ്യാസ പുരോഗതി, സാമ്പത്തിക സ്വാശ്രയത്വത്തിലേക്കോ, ലിംഗപദവി തുല്യതയിലേക്കോ നയിക്കാൻ ഇത് പര്യാപ്തമാകുന്നില്ല എന്ന ദൗർബല്യവും നിലനിൽക്കുന്നു. പാഠ്യപദ്ധതിയിൽ ലിംഗതുല്യതസംബന്ധിച്ച് ആശയങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പഠനാന്തരീക്ഷംപൂർണമായും പെൺകുട്ടിസൗഹൃദപരമായിട്ടില്ല(Girl friendly).

ക്ലാസ് മുറിക്ക് പുറത്ത് പെൺകുട്ടികളുടെ കഴിവ്/ മികവ് പ്രകടിപ്പിക്കാൻ പറ്റിയ കലാകായിക പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾ സാമ്പത്തികശേഷി കുറഞ്ഞവർക്ക് അപ്രാപ്യമായ അവസ്ഥയാണ്.

സ്കൂളിലും മറ്റ് പൊതു സ്ഥലത്തും പെൺകുട്ടികളുടെ കായിക വളർച്ച ഉറപ്പാക്കുന്ന തരത്തിൽ പ്ലേഗ്രൗണ്ട് സൗകര്യങ്ങളും പരിമിതമാണ്.

പ്രൊഫഷണൽ ബിരുദമടക്കമുള്ള ഉന്നത വിദ്യാഭ്യാസം നേടുമ്പോഴും, വിദ്യാഭ്യാസത്തിന്റെ തുടർച്ചയായി തൊഴിൽ എന്ന ധാരണയല്ല, മറിച്ച്

പെൺകുട്ടികളുടെ ഭാവിലക്ഷ്യം വിവാഹമാണ് എന്ന ധാരണയാണ് ഇന്നും പ്രബലമായിട്ടുള്ളത്.

**നയങ്ങളും കർമ പരിപാടികളും**

1.1 കേരളത്തിലെ എല്ലാ മേഖലയിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൻഡർ പ്രോട്ടോക്കോൾ കൊണ്ടുവരും.

1.2 ലിംഗ പദവി തുല്യതയെ സംബന്ധിച്ച ധാരണകൾ കുട്ടികളിലും അധ്യാപകരിലും സൃഷ്ടിക്കാനുതകുന്ന ജൻഡർ പഠനം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കും. ബി.എഡ്, ഡി.ലെഡ് പരിശീലനം മുതൽ പ്രൊഫഷൽ കോളേജ് വരെ ലിംഗപദവി തുല്യതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കും.

1.3 സ്കൂളുകളിലും കോളേജുകളിലുമുള്ള പഠനാന്തരീക്ഷം പെൺകുട്ടി സൌഹൃദപരമാക്കും. ഇതിനായി അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകും.

1.4 ഭാവിയിൽ സ്ത്രീകൾക്ക് സാമ്പത്തിക സ്വാശ്രയത്വം നേടാൻ പറ്റുന്ന തരത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം പുനരാവിഷ്കരിക്കും.

1.5 പാഠപുസ്തകങ്ങളിൽ ഇന്ന് മാനവിക വിഷയങ്ങളിൽ പോലും സ്ത്രീകളെ കുറിച്ചുള്ള പാഠഭാഗങ്ങളുടെ അഭാവം പ്രത്യക്ഷമായി കാണാം. ചരിത്രത്തിൽ നിന്നും സ്ത്രീകളെ അദൃശ്യരാക്കിയ രീതിയാണ് പാഠപുസ്തകങ്ങളിൽ ഇന്ന് കാണുന്നത്. സ്വാതന്ത്ര സമരം പോലുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ പോലും സ്ത്രീകളെ എവിടെയും പരാമർശിക്കാറില്ല. സ്ത്രീകളെ പാഠപുസ്തകങ്ങളിൽ ദൃശ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി, ഭാഷ/മാനവിക/ശാസ്ത്രവിഷയങ്ങളിൽ വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം നേടിയ സ്ത്രീകളുടെ ജീവചരിത്രവും സംഭാവനകളും ഉൾപ്പെടുത്തും.

1.6 തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലകളിലേയ്ക്ക് പെൺകുട്ടികളെ ആകർഷിക്കാൻ ആവശ്യമായ പശ്ചാത്തല സംവിധാനങ്ങൾസ്കൂളുകളിൽ തന്നെ ഏർപ്പെടുത്തും.

1.7 പെൺകുട്ടികളെ എല്ലാ തൊഴിൽ മേഖലകളിലേയ്ക്കും ആകർഷിക്കുന്ന തരത്തിൽ വൊക്കേഷണൽട്രെയിനിംഗ് പുനരാവിഷ്കരിക്കും.

1.8 സ്കൂളുകൾ കേന്ദ്രീകരിച്ച് വൊക്കേഷണൽ ഗൈഡൻസ് സെന്റർ സ്ഥാപിക്കും.

1.9 പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംഭവിക്കുന്ന പ്രദേശങ്ങളിൽ കാരണം കണ്ടെത്തുകയും ആദിവാസി/തീരദേശമേഖല-എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അവരുടെ പഠനം മുന്നോട്ടു കൊണ്ടുപോകാനുള്ള സംവിധാനത്തിന് രൂപം നൽകും.

1.10 ആദിവാസി വിദ്യാർത്ഥിനികളുടെ സ്പോട്ട് അഡ്മിഷനിലെ അപാകതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കും.

1.11 കൗമാരക്കാരുടെ ശാരീരിക-മാനസികാരോഗ്യം മുൻനിർത്തി, പെൺകുട്ടികൾക്ക് സൈക്കിളിംഗ്, മറ്റ് കായിക പരിശീലനങ്ങൾ സ്വയം പ്രതിരോധ പരിശീലനങ്ങൾ എന്നിവയിൽ പ്രത്യേക ഊന്നൽ നൽകുന്ന കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കും.

1.12 വിദ്യാർത്ഥികൾക്ക് അവരുടെ കഴിവ് പ്രകടിപ്പിക്കാനുള്ള വേദികൾ സൃഷ്ടിക്കും. ധനസഹായം (Fellowship) നൽകിക്കൊണ്ട് കായിക മേഖലകളിലും സാംസ്കാരിക മേഖലകളിലും അവരുടെ പ്രാതിനിധ്യം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും.

1.13 പെൺകുട്ടികളുടെ കായികവളർച്ചയുടെ പ്രാധാന്യം ഒരു പുതിയ സംസ്കാരത്തിന്റെ ഭാഗമായിമാറുന്നതരത്തിൽ കളിസ്ഥലങ്ങളും നീന്തൽ കുളങ്ങളും മറ്റ് കളി ഉപകരണങ്ങളും സ്കൂളിനും സ്കൂളിന് പുറത്തും ലഭ്യമാക്കും.

1.14 എല്ലാ സ്കൂളുകളിലും ജൻഡർ ക്ലബുകൾ സ്ഥാപിക്കുകയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ലിംഗപദവി ബോധം സംബന്ധിച്ച ധാരണ സൃഷ്ടിക്കാൻ പര്യാപ്തമായ ക്ലാസ്സുകൾ, സംവാദങ്ങൾ, പ്രദർശനങ്ങൾ, മറ്റു പഠന പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യും.

1.15 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന പരാതി സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കും. എല്ലാ പഠന വകുപ്പുകളിലും അധ്യാപക/അനധ്യാപകരുടെ ഇത്തരം പരാതി സെല്ലുകൾ പ്രാവർത്തികമാക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യും.

1.16 തുടർ വിദ്യാഭ്യാസ പരിപാടികൾ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക വളർച്ചയ്ക്ക് ഉതകും വിധം നടപ്പാക്കും.

1.17 വിദ്യാർത്ഥി / വിദ്യാർത്ഥിനികളുടെ അഭിപ്രായങ്ങൾക്ക്പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി, പി.ടി.എ എന്നത് പി.ടി.എസ്.എ എന്നാക്കും.

1.18 കൌമാരക്കാരുടെ ശാരീരിക മാനസികാരോഗ്യം സംരക്ഷിക്കുവാനും ആത്മവിശ്വാസം വളർത്താനും സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കും.

1.19 School / college gym എല്ലാ പെൺകുട്ടികൾക്കും പ്രാപ്യമാക്കും.

1.20 വിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ/സർക്കാരിതര/ ഹോസ്റ്റലുകളുടെ പഠനം നടത്തുകയും സ്ത്രീ സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

1.21 യൂണിവേഴ്സിറ്റി ആക്ട് സ്റ്റാറ്റ്യൂട്ട് ഇവയിൽ ജെൻഡർ ജസ്റ്റിസ് ഒബ്ലിഗേഷൻസ് കൃത്യമായി പ്രതിഫലിപ്പിക്കും.

1.22 U.G, P.G സിലബസ് gender ഓഡിറ്റ് ചെയ്യും.

1.23 സ്ത്രീ പഠനത്തിന്റെ ഗവേഷണ സാധ്യതകൾ വർധിപ്പിക്കും.

1.24 സ്ത്രീ പഠനത്തിനായി പഠന വകുപ്പുകൾ വർധിപ്പിക്കും. ഗവേഷണ വിദ്യാർത്ഥിനികൾക്ക് ക്രഷേ, ചൈൽഡ് care, breast feeding മുറികൾ ലഭ്യമാക്കും.

**2.ആരോഗ്യം**

ഇന്ത്യയിലെ ഏറ്റവും ഉയർന്ന സ്ത്രീപുരുഷാനുപാതമാണ് കേരളത്തിന്റേത് (1000 പുരുഷന്മാർ-1082 സ്ത്രീകൾ). അതായത് ജനസംഖ്യയിൽ 52.2 ശതമാനം സ്ത്രീകളാണ്. സ്ത്രീ പുരുഷാനുപാതത്തിൽ ഇന്ത്യൻ ശരാശരിയാകട്ടെ 1000 പുരുഷന്മാർ-933 സ്ത്രീകൾ എന്നതാണ്. കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യനില ചൂണ്ടിക്കാട്ടുന്നതിനായി പല സൂചകങ്ങൾ ഉപയോഗിക്കാറുണ്ട്. കേരളത്തിലെ സ്ത്രീയുടെ ശരാശരി ആയുർദൈർഘ്യം (76 വയസ്സ്) ഇന്ത്യൻ ശരാശരിയേക്കാൾ (61.8) വളരെ ഉയർന്നതാണ്. ഇന്ത്യയിലെ ശിശുമരണ നിരക്ക് ആയിരം കുഞ്ഞുങ്ങൾക്ക് 58 എന്നാണെങ്കിൽ കേരളത്തിലേത് ആയിരം കുഞ്ഞുങ്ങൾക്ക് 7 എന്നതാണ്. 2005-06 ദേശീയ കുടുംബാരോഗ്യ സർവ്വെ പ്രകാരം ഏതാണ്ട് എല്ലാ പ്രസവങ്ങളും (99%) കേരളത്തിൽ ആശുപത്രികളിലാണ് നടക്കുന്നത്. 1950 കളിൽ അഞ്ചിനു മുകളിലായിരുന്ന കേരളത്തിലെ സ്ത്രീകളുടെ പ്രത്യുല്പാദന നിരക്ക് 2005-06ലെ കണക്കനുസരിച്ച് നഗരങ്ങളിൽ 1.7 ആയും ഗ്രാമങ്ങളിൽ 2.0 ആയും കുറഞ്ഞു. കേരളത്തിൽ 25-49 വയസ്സിനിടയിലെ പെണ്കുട്ടികളുടെ ശരാശരി വിവാഹപ്രായം 21 ആണ്. കേരളത്തിലെ പൊതുബോധത്തിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയാണ് ആരോഗ്യ രംഗത്ത് കേരളം ഉയർന്നു നിൽക്കാൻ കാരണമായി വിദഗ്ധർ പറയുന്നത്.

ഇത്തരത്തിലുള്ള ഗുണപരമായ മാറ്റങ്ങൾ ഉള്ളപ്പോഴും, സ്ത്രീകളുടെ പരിശോധനാ മുറി, കൂട്ടിരുപ്പുകാരുടെ സൌകര്യങ്ങൾ, വനിതാ ജീവനക്കാരുടെ വിശ്രമ മുറി എന്നിവ കുറവാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും മാനസികാരോഗ്യത്തിൽ കുറവ് വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അതുപോലെ തന്നെ കൌമാരപ്രായത്തിലെ കുട്ടികളിൽ ആത്മഹത്യ പ്രവണത വർധിച്ചു വരുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു.

സാംക്രമിക രോഗങ്ങളിൽ കുറവ് കാണുമ്പോഴും ജീവിതശൈലീ രോഗങ്ങളും സ്തനാർബുദം ഗർഭാശയ ഗള കാൻസർ എന്നിവയും വർദ്ധിച്ചതായാണ് കണക്കുകൾസൂചിപ്പിക്കുന്നത്.

പുതിയ തരം തൊഴിലുകളിൽ സ്ത്രീകൾ ഏർപ്പെടുമ്പോൾ, അവർക്കുണ്ടാവുന്ന തൊഴിൽ ജന്യ രോഗങ്ങളെ കുറിച്ചുള്ള പഠനങ്ങൾ കുറവായത് കൊണ്ട് പരിഹാരം കാണുവാൻ കഴിയുന്നില്ല, എന്നതും ന്യൂനതയാണ്.

കേരളത്തിൽ വന്ധ്യതനിരക്ക് വർദ്ധിക്കുന്നതിനാൽ,ചികിത്സ തേടുന്നവരുടെ എണ്ണം ഉയരുന്നുണ്ടെങ്കിലും, വന്ധ്യതാ ക്ലിനിക്കുകൾ കൂടുതലും സ്വകാര്യ ആശുപത്രികളിൽ ആയതിനാൽ പാവപ്പെട്ടവർക്ക് സാമ്പത്തികമായി അപ്രാപ്യമാകുന്നപ്രശ്നമുണ്ട്.

മെഡിക്കൽ പുസ്തകങ്ങളിലുള്ള സ്ത്രീ വിരുദ്ധത ഇന്നും അതേപടി നിലനിൽക്കുന്നു എന്നതും ഒരു പോരായ്മയാണ്.

**നയങ്ങളും കർമ്മ പരിപാടികളും**

2.1 താഴെ സബ് സെന്റർ മുതൽ മുകൾതട്ടിൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികൾ സ്ത്രീ സൌഹൃദപരമായി പ്രവർത്തിക്കുന്നതിനുള്ള ഭൌതിക സാഹചര്യം സൃഷ്ടിക്കും.

2.2. സ്ത്രീ രോഗികൾ, സ്ത്രീകളായ കൂട്ടിരിപ്പുകാർ, കുട്ടികൾ എന്നിവർക്കാവശ്യമായ സ്വകാര്യതയോടുകൂടിയതും വൃത്തിയുള്ളതുമായ ബാത്ത് റൂം, വിശ്രമസ്ഥലം, സ്ത്രീരോഗികൾക്ക് സ്വകാര്യതയോടുകൂടിയ പരിശോധന മുറി, ഫോൺസൌകര്യം എന്നിവ ഉറപ്പാക്കും. കുട്ടികളും വൃദ്ധകളുമായ രോഗികൾക്ക് അനയോജ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തും.

2.3. ആശുപത്രികളിലെ സ്ത്രീജീവനക്കാർക്ക് ആവശ്യമായ വിശ്രമമുറി, മറ്റ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കും.

2.4. സ്ത്രീകളുടെ ശാരീരിക/മാനസിക ആരോഗ്യം പ്രജനന ആരോഗ്യം എന്നിവ മെച്ചപ്പെടുത്താനുള്ള സംവിധാനം സംസ്ഥാനത്തിൽ നടപ്പാക്കും.

2.5. പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ആദിവാസി, തീരദേശ മേഖലകളിലെ സ്ത്രീകൾക്ക് ആർത്തവവുമായും മറ്റു സ്ത്രീജന്യ ആരോഗ്യ പ്രശ്നങ്ങളുമായും ബന്ധപ്പെട്ട ആരോഗ്യ ശീലങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടുള്ള ആരോഗ്യ വിദ്യാഭ്യാസം നൽകും.

2.6. സ്ത്രീകളുടേയും പെൺകുട്ടികളുടേയും മാനസികാരോഗ്യം സംബന്ധിച്ച പഠനങ്ങൾ നടത്തി, മെച്ചപ്പെട്ട മാനസികാരോഗ്യം കൈവരിക്കാനുള്ള നടപടികൾ എടുക്കും.

2.7. കേരളത്തിലെ മാനസികാരോഗ്യ നയം, സ്ത്രീകളെയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കുകയും,ആവശ്യമായ കർമപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യും.

2.8. കുട്ടികളിലും സ്ത്രീകളിലും കണ്ടുവരുന്ന വിഷാദ രോഗം, ആത്മഹത്യാ പ്രവണത ഇവയെക്കുറിച്ച് പഠിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യും.

2.9. സ്ത്രീകളുടെ രക്തം, ഷുഗർ എന്നിവ പരിശോധിക്കുന്നതിനൊപ്പം മാമോഗ്രാം, പാപ്സ്പിയർഎന്നീ പരിശോധനകളും നടത്തുവാനുള്ള സംവിധാനങ്ങൾ ആശുപത്രികളിൽ ഒരുക്കുകയും അതുവഴി, ആവശ്യമെങ്കിൽ പ്രാരംഭഘട്ടത്തിൽ തന്നെ ആദ്യ ഘട്ട ചികിത്സയ്ക്കുള്ള സംവിധാനം ഉറപ്പാക്കുകയും ചെയ്യും.

2.10. മെഡിക്കൽ പുസ്തകങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കും. .

2.11. കേരളത്തിൽ വർദ്ധിച്ചുവരുന്ന വന്ധ്യതയെക്കുറിച്ച് പഠിക്കുകയും, നിലവിലുള്ള ഐ.വി.എഫ് പോലുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻസർക്കാർ ആശുപത്രികളെ സജ്ജമാകുകയും ചെയ്യും.

2.12. സ്ത്രീകളുടെ വർദ്ധിച്ചു വരുന്ന ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, സ്ത്രീകൾക്കുമാത്രമായിട്ടുള്ള ഓപ്പൺ ജിം സംവിധാനം, വ്യായാമം ചെയ്യുവാനുള്ള പൊതുയിടങ്ങൾ എന്നിവ പ്രാദേശിക തലത്തിൽ ഏർപ്പെടുത്താനുള്ള സംവിധാനങ്ങൾ ഉണ്ടാക്കും.

2.13. അതിജീവിതകളെ സഹായിക്കുന്ന തരത്തിൽ നിലവിലുള്ള മെഡിക്കോ–ലീഗൽ പ്രോട്ടോക്കോൾ ശക്തമായി നടപ്പിലാക്കും.

2.14. തൊഴിൽ ജന്യരോഗങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളും തടയാനുള്ള മാർഗ്ഗങ്ങളും സംസ്ഥാനത്ത് വിരളമാണെന്നതുകൊണ്ടുതന്നെ, കൂടുതൽ

പഠനങ്ങൾ നടത്തുവാനും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും ഉള്ള നടപടികൾ സ്വീകരിക്കും.

2.15. അപകടകരമായ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ആരോഗ്യ ഇൻഷുറൻസ്, ഇ.എസ്.ഐ എന്നിവ നടപ്പിലാക്കാനുള്ള സാധ്യതകൾ അന്വേഷിക്കും.

2.16. കേരളത്തിലെ സ്ത്രീകളുടെ ഇടയിലുള്ള രോഗാതുരത വർധിച്ചുവരുന്ന സാഹചര്യത്തിൽ, അതിനെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുകയും, കാരണങ്ങൾ കണ്ടെത്തി പരിഹരിക്കും.

3. <u>തൊഴിൽ</u>

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കേരളത്തിൽ പൊതുവേ കുറവാണെങ്കിലും ഈ രംഗത്ത് ഗണ്യമായ മാറ്റം പ്രകടമാണ്. 2001 സെൻസസ് റിപ്പോർട്ടിൽ 15.4% ഉണ്ടായിരുന്നത് 2011 സെൻസസ് ആകുമ്പോഴേക്കും 20.21% ആയി വർധിച്ചിട്ടുണ്ട്. ദേശീയ ശരാശരി പോലുമില്ല എന്നു ചർച്ച ചെയ്തിരുന്ന കേരളത്തിലെ തൊഴിൽ പങ്കാളിത്തം ദേശീയ ശരാശരിക്കൊപ്പം എത്തുന്ന രീതിയിൽ തൊഴിൽ രംഗത്ത് മാറ്റം നമുക്ക് 2020 ൽ കാണാം. മഹാമാരിയുടെ പ്രഭാവം കാരണം വീണ്ടും തൊഴിൽ പങ്കാളിത്തം കുറഞ്ഞു. സ്ത്രീകൾ കൂടുതലായി താൽകാലിക തൊഴിലിൽ ആണ് ഏർപ്പെട്ടിരിക്കുന്നത്. മാത്രമല്ല, വേതനം ഏറ്റവും കുറഞ്ഞ തൊഴിലുകളിൽ ഒരു തരം "റിസർവ് ആർമി" സങ്കല്പത്തിൽ ഏതു സമയവും പിരിച്ചു വിടാവുന്നതൊഴിലുകളിൽ ആണ് കൂടുതലായും ഏർപ്പെട്ടിരിക്കുന്നത്. സ്ത്രീകൾക്കും "തൊഴിൽ അവകാശമാണ്" എന്ന രീതിയിൽ ഉള്ള കാഴ്ചപ്പാട് ഇനിയും വരേണ്ടതുണ്ട്. അസംഘടിത മേഖലയിൽ കൂടുതലും സ്ത്രീകളാണു തൊഴിലെടുക്കുന്ന സ്ഥിതി ഉണ്ട് എന്ന് മാത്രമല്ല, സംഘടിത മേഖലയിലേക്ക് അസംഘടിത മേഖല കടന്നു വരുന്നതിന്റെ രീതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. ആഗോള സാമ്പത്തിക നയങ്ങളും, സാമ്പത്തിക മാന്ദ്യവും കൂടുതലായി ബാധിച്ചിരിക്കുന്നത് സ്ത്രീകളെയാണ്. കേരളത്തെ സംബന്ധിച്ച "വിദ്യാസമ്പന്നരുടെ തൊഴിൽ ഇല്ലായ്മ " എന്ന രീതി ഇപ്പോഴും തുടരുന്നുണ്ട്. ജോലി ചെയ്യുന്ന സ്ത്രീകൾ പോലും ഉയർന്ന തസ്തികയിലും ഉയർന്ന ശമ്പളത്തിലും എത്തിച്ചേരുന്നില്ല എന്നതും ആശങ്കയുളവാക്കുന്നതാണ്. എങ്കിലും താൽപ്പര്യമുള്ളവർക്ക് ഏതു തരം ജോലിയുമെടുത്തു ജീവിക്കുവാൻ ഇന്ന് കേരളത്തിലെ സ്ത്രീകൾക്ക് കഴിയുന്നുണ്ട്, എന്നതും, അതിനുള്ള സാഹചര്യം ഇന്ന് കേരളത്തിനുണ്ട് എന്നതും

ആശ്വാസകരമാണ്. വൈവിധ്യമായ രീതിയിൽ സ്ത്രീകൾക്ക് നൈപുണി പരിശീലനം നൽകി വരുന്നതിനാൽ തൊഴിൽ രംഗത്ത് ദിശാ മാറ്റം ഏർപ്പെടുത്താൻ ഇത് സഹായിക്കുന്നുണ്ട്. എങ്കിലും ഉച്ചമായ വേതനം മാത്രം ലഭിക്കുന്ന പല തൊഴിൽ മേഖലകളുംനിലനിൽക്കുന്നു എന്നതും, പലയിടത്തുംതൊഴിൽ സുരക്ഷാസംവിധാനങ്ങൾ ലഭ്യമല്ല എന്നതും ന്യൂനതകൾ തന്നെയാണ്. നിലവിലുള്ള തൊഴിലവകാശ നിയമങ്ങൾ പോലും ബാധകമല്ലാത്ത രീതിയിലുള്ള ചൂഷണം ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾ നേരിടുന്നുണ്ട്.

**നയങ്ങളും കർമ്മ പരിപാടികളും**

3.1 കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരത്തെ അപേക്ഷിച്ച് അവരുടെ തൊഴിൽപങ്കാളിത്തം കുറവാണ്. ദേശീയതല, സംസ്ഥാനതല പ്രാദേശികതല സ്ഥിതിവിവര കണക്കുകൾ ഒക്കെ പൊതുവായി കുറഞ്ഞ തൊഴിൽ പ്രാതിനിധ്യത്തെ സൂചിപ്പിക്കുമ്പോഴും, ഈ സൂചനകൾക്കു ഒരു പൊതു സ്വഭാവം ഇല്ല എന്നത് ഒരു അപാകതയാണ്. സ്ത്രീകളുടെതായ വികസനപദ്ധതി രൂപപ്പെടുത്തുവാൻ ഇത് വിഘാതമായി നിൽക്കുന്നു. നിലവിലുള്ള സ്ഥിതിവിവര കണക്കുകളെ ഏകോപിപ്പിച്ച് ഒരു പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കും.

3.2 സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കാനുള്ള സംവിധാനങ്ങൾ നൈപുണി വികസനത്തിലൂടെ സാധ്യമാക്കും.

3.3 വൈജ്ഞാനിക സമൂഹം കെട്ടിപ്പടുക്കുന്നതിൻറെ ഭാഗമായി പുത്തൻ സാങ്കേതിക വിദ്യയിൽ സ്ത്രീകൾക്ക് വൈദഗ്ധ്യം ഉറപ്പാക്കാൻ പരിശീലനം നൽകും. അതിനായി എല്ലാ ജില്ലകളിലും ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിക്കും.

3.4 തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് റി-സ്കില്ലിംഗും, അപ്സ്കില്ലിംഗും നടത്തും. പ്രാദേശികമായി അതിനുള്ള ഏർപ്പാടുകൾ തദ്ദേശ ഭരണ വകുപ്പുമായി ചേർന്ന് നടത്തും.

3.5 ഉല്പാദന രംഗത്ത് ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കും.

3.6 സ്ത്രീകൾ അപൂർവ്വമായി മാത്രം കടന്നു വന്നിട്ടുള്ള തൊഴിൽ മേഖലകൾ, ഇതുവരെ സ്ത്രീകൾ എത്തിപ്പെടാത്ത തൊഴിൽ മേഖലകൾ എന്നിവിടങ്ങളിൽ നിശ്ചിത ശതമാനം മുൻഗണന നൽകി സ്ത്രീകളുടെ നിയമനം പ്രോത്സാഹിപ്പിക്കും.

3.7 തോട്ടം മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നം പഠിച്ച് പരിഹാരം കാണുവാനുള്ള നടപടികൾ സ്വീകരിക്കും.

3.8 പരമ്പരാഗത തൊഴിൽ രംഗത്തെ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യും.

3.9 തുല്യ ജോലിക്ക് തുല്യ വേതനം എന്നത് നടപ്പാക്കാനുള്ള വിഘാതങ്ങൾ പഠിച്ച് പരിഹാരങ്ങൾ കണ്ടെത്തും.

3.10 വീടിനകത്തും പുറത്തുമായി സ്ത്രീകൾ ചെയ്യുന്ന എല്ലാ പണികളും സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കും. തുടർ നടപടികൾ സ്വീകരിക്കും.

3.11 കളിമണ്ണ്, ഈറ്റ, തഴ എന്നിവ ഉപയോഗിച്ച് പരമ്പരാഗതമായി ഉൽപ്പന്നങ്ങൾ ഉണ്ടാക്കിയിരുന്ന സ്ത്രീകൾക്ക് വിദഗ്ധ പരിശീലനം നൽകിക്കൊണ്ട് ഈ മേഖലകളിൽ വൈവിധ്യ വൽക്കരണത്തിനും ആധുനീകരണത്തിനും വേണ്ട നടപടികൾ സ്വീകരിക്കും.

3.12 സീസണലായി ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സീസൺ അല്ലാത്ത കാലങ്ങളിൽ ചെയ്യാനാകുന്ന സംരംഭങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വനിതാ വികസന കോർപ്പറേഷന്റെയും സഹായത്തോടെ നടപ്പാക്കും.

3.13 തൊഴിലാളി ക്ഷേമനിധിയുടെ ഗുണഭോക്താക്കൾ എന്ന നിലയിലും അതിൻറെ നേതൃത്വത്തിൽ എത്തേണ്ടവർ എന്ന നിലയിലും സ്ത്രീകൾ കടന്നു വരുന്നത് പ്രോത്സാഹിപ്പിക്കും. സ്ത്രീകൾ ഇനിയും അംഗങ്ങളാകാത്ത ക്ഷേമനിധികളുമായി സ്ത്രീകളെ ബന്ധിപ്പിക്കും.

3.14 തൊഴിലന്വേഷകർ, വിദ്യാഭ്യാസ യോഗ്യത, വിദഗ്ധ പരിശീലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ ഒരു ഡാറ്റാ ബാങ്ക് നഗരസഭകളിലും പഞ്ചായത്തുകളിലും സജ്ജമാക്കും.

3.15 തൊഴിലന്വേഷകരുടെ ഡാറ്റാ ബാങ്കിൻറെ അടിസ്ഥാനത്തിൽ സ്വകാര്യ തൊഴിലുടമകളെ കൂടി ബന്ധപ്പെടുത്തിക്കൊണ്ട് Women Employment Exchange പ്രാദേശിക തലത്തിൽ രൂപീകരിക്കും.

3.16 ഇ–കമ്മ്യൂണിറ്റി, ഇ–പോർട്ടൽ എന്നിവയിലൂടെ സ്ത്രീ തൊഴിലാളികളുടെ സംരംഭങ്ങൾ വളർത്തും.

3.17 പ്രാദേശികമായി വർക്ക് സ്റ്റേഷനുകൾ സ്ഥാപിച്ചു കൊണ്ട് സ്ത്രീകളെ ഉല്പാദന പ്രക്രീയയിലേക്ക് കൊണ്ടുവരും.

3.18 സ്ത്രീകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹായകമായി, Work From Home എന്നത് Work Near Home എന്നാക്കിക്കൊണ്ട് ക്രഷേ, വയോധികർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള കേന്ദ്രങ്ങൾ എന്നിവ തൊഴിൽ നിയമപ്രകാരം നടപ്പിലാക്കി സ്ത്രീകൾക്കനുകൂലമായി വർക്ക് സ്റ്റേഷനുകളെ പരിവർത്തിപ്പിക്കും.

3.19 പ്രവാസി സ്ത്രീകളുടെ തൊഴിലില്ലായ്മയെ കുറിച്ച് കൂടുതൽപഠിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യും.

3.20 അസംഘടിത മേഖല, പരമ്പരാഗത വ്യവസായ മേഖല, മത്സ്യതൊഴിലാളി മേഖല എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുകയും, ഈ തൊഴിൽ മേഖലകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, സ്ത്രീകൾക്ക് യന്ത്രവൽകൃത പരിശീലനം നൽകുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യും.

3.21 സ്ത്രീകളുടെ തൊഴിൽ സഹകരണ പ്രസ്ഥാനങ്ങൾ ( Women Co-operatives) പ്രോത്സാഹിപ്പിക്കും.

3.22 പരാതി സെല്ലുകൾ ഇല്ലാത്തിടത്ത് അത് നടപ്പിൽ വരുത്താനാവശ്യമായ എല്ലാ സംവിധാനങ്ങളും ഉറപ്പാക്കും.

3.23 നിലവിലുള്ള പരാതി സെല്ലുകളിലെ അപാകതകളെ കുറിച്ച് പഠിച്ച് നോഡൽ ഏജൻസിയായ വനിതാ ശിശുവികസന വകുപ്പിനെ അറിയിച്ച് പരിഹരിക്കും.

3.24 പൊതുബജറ്റിൽ 20%ത്തിലധികം ജൻഡർ ബഡ്ജറ്റിന് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പ വരുത്താനുള്ള തടസ്സങ്ങളെന്താണെന്ന് പഠിച്ച് പരിഹാരങ്ങൾ കണ്ടെത്തും.

3.25 ഹോം നഴ്സ്, ഗാർഹിക തൊഴിലാളികൾ എന്നിവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കും.

3.26 തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നു എന്നുറപ്പ് വരുത്തും.നടപ്പാക്കാത്ത ഇടങ്ങളിൽ ശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കും.

3.27 സ്ത്രീകൾ തൊഴിലെടുക്കുന്ന മേഖലകളിൽ മിനിമം കൂലി ലഭിക്കുന്നുണ്ടോ എന്നത് പഠിച്ച് പരിഹരിക്കും.

3.28 വഴിയോരകച്ചവടക്കാരായ സ്ത്രീ തൊഴിലാളികൾക്ക് വേണ്ട സുരക്ഷയും ഭേദപ്പെട്ട തൊഴിൽ സാഹചര്യങ്ങളും ഉറപ്പാക്കും.

3.29 സ്ത്രീ തടവുകാർക്ക് തൊഴിൽ പരിശീലനം, തൊഴിൽ കൗൺസിലിംഗ്, രോഗ ചികിത്സ എന്നിവയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഉറപ്പാക്കും.

## 4 സാംസ്കാരിക രംഗം

ഒരു സമൂഹത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ മേഖലകൾ പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ്, സാംസ്കാരിക മേഖല. സാമ്പത്തിക മേഖലയും സാമൂഹ്യ വ്യവസ്ഥിതിയും സാംസ്കാരിക മേഖലയും പരസ്പര പൂരകങ്ങളാണ്. സംസ്കാരം, സമൂഹത്തെയും, സാമൂഹ്യ ബന്ധങ്ങളെയും ജീവിത പരിസരങ്ങളെയും നിർണയിക്കുന്നതുപോലെ, നിലനിൽക്കുന്ന സംസ്കാരത്തെയും സാംസ്കാരിക മൂല്യങ്ങളെയും നിയന്ത്രിക്കുന്നത് സാമൂഹ്യ വ്യവസ്ഥിതിയുമാണ്. നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ മൂല്യങ്ങൾ, സാംസ്കാരിക പ്രതിനിധാനങ്ങളെ സ്വാധീനിക്കുമ്പോൾ പൊതുമണ്ഡലം മാത്രമല്ല, സ്വകാര്യ മണ്ഡലവും പരിവർത്തിക്കപ്പെടുന്നുണ്ട്.

ലിംഗ പദവി എന്നതുതന്നെ, ഒരു സാംസ്കാരിക നിർമിതിയായത് കൊണ്ട്, സമൂഹത്തിന്റെലിംഗാവബോധത്തെയുംനിലനിൽക്കുന്ന ആണധികാരത്തിലധിഷ്ഠിതമായ വാർപ്പ് മാതൃകകളെയും തൊഴിൽ വിഭജനത്തെയും മാനുഷിക ബന്ധങ്ങളെയും ഒക്കെ തന്നെ ലിംഗ പദവി സ്വാധീനിക്കുന്നതായി കാണാം. ഇവ സ്വാധീനങ്ങൾ സാംസ്കാരിക രൂപങ്ങളെ മാത്രമല്ല, ആചാര-വിശ്വാസങ്ങളെയും ബോധനിലവാരത്തെയും രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്.

സാംസ്കാരിക കേരളം മറ്റേതു സമൂഹത്തെയും പോലെ വൈവിധ്യമുള്ളതാണ്., ഗതകാല സമരങ്ങളുടെയും പോരാട്ടങ്ങളുടെയും ഭാഗമായി സാംസ്കാരിക രംഗത്ത് നമ്മൾ ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും, ജാതി-മത സംഘടനകൾ മുന്നോട്ടു വെക്കുന്ന പരമ്പരാഗതമായ ആശയങ്ങൾ സ്ത്രീകളുടെ സാമൂഹ്യ ഔന്നത്യത്തെ ഏറെ സങ്കീർണമാക്കുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യകളെപ്പോലും പരമ്പരാഗത മാമൂൽ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഉപാധിയാക്കുന്നുണ്ട്. സദാചാരം, വിശ്വാസം, കുടുംബ പാരമ്പര്യം എന്നിവയിൽ ഇടപെട്ട് സമൂഹ മനസ്സിലെ ആണധികാര ആശയങ്ങളെ ശക്തിപ്പെടുത്തുന്ന പ്രവണത കേരളത്തിന്റെ സാംസ്കാരിക രംഗത്ത് നിലനിൽക്കുന്നു.

കലാ സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായ സ്ത്രീസാന്നിധ്യം ഇന്ന് കേരളത്തിൽ ഉണ്ട് എന്നാൽ, ഈ രംഗങ്ങൾ മുഖ്യപ്രവർത്തന മേഖലയായി

സ്വീകരിക്കുന്നതിനു ഇന്നും പരിമിതികളുണ്ട്. വിശേഷിച്ചു നാടകം, സിനിമ തുടങ്ങിയ മേഖലകളിലെ അണിയറകളിൽ സ്ത്രീ സാന്നിധ്യം കുറവാണ്, എന്നത് പുരോഗമന കേരളത്തിൽ വിരോധാഭാസമാണ്. സ്ത്രീകൾ കൂടുതലായി മാധ്യമരംഗത്ത് ദൃശ്യരാകുമ്പോഴും, അവിടെയെല്ലാം അധികാര ബന്ധങ്ങളിലെ ആൺകോയ്മ ഉയർന്ന സ്ഥാനങ്ങൾ അലങ്കരിക്കുന്ന സ്ഥിതി സ്ത്രീകൾക്ക് ഒരു വെല്ലുവിളിയാണ്. ഇത്തരം ആൺകോയ്മ മൂല്യബോധത്തെ അരക്കിട്ടുറപ്പിക്കുന്ന തരത്തിലുള്ള ചിത്രീകരണങ്ങളാണ് മാധ്യമങ്ങൾ പൊതുവേ താൽപര്യപ്പെടുന്നത്. സീരിയലുകൾ, സിനിമകൾ, പരസ്യങ്ങൾ, കലണ്ടറുകൾ,എന്നിവയിലെല്ലാം സ്ത്രീകളെ വെറും ശരീരമായി കാണുന്ന പ്രവണത ഇന്നും നിലവിലുണ്ട്.
കലാകായിക രംഗങ്ങളിൽ സ്ത്രീകൾ ഉന്നത സ്ഥാനത്ത് പ്രവർത്തിക്കുമ്പോഴും അവരുടെ സംഭാവന പാടെ അവഗണിക്കപ്പെടുന്നതായി കാണാം. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, സ്ത്രീ വിരുദ്ധ ആചാരങ്ങളും ആഡംബര വിവാഹങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നവരായി മാധ്യമങ്ങളും, സൈബർ ഇടങ്ങളും മത്സരിക്കുകയാണ്, മാറുന്ന സാങ്കേതിക വിദ്യയുടെ അടയാളങ്ങളായ സാമൂഹ്യ മാധ്യമങ്ങളിലും സ്ത്രീവിരുദ്ധ നയങ്ങൾ പ്രചരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഒരിക്കൽ പടിക്കു പുറത്താക്കിയ ദുരാചാരങ്ങൾ ഇൻസ്റ്റാഗ്രാമിലെ റീലുകളിലൂടെയും യു-ട്യൂബിലൂടെയും തിരിച്ചു വന്നുകൊണ്ടിരിക്കുന്നു. മന്ത്ര വാദം പോലുള്ള ആഭിചാര പ്രവർത്തനങ്ങളിൽ ഇരയാകുന്ന സ്ത്രീകളുടെ എണ്ണവും വർദ്ധിച്ചു വരുന്നു. വൈകാരികവും വിശ്വാസ/അന്ധവിശ്വാസ ജടിലവുമാകുന്ന മനുഷ്യ മനസ്സുകൾ ശാസ്ത്ര ബോധത്തിലും, യുക്തി ചിന്തയിലുമൂന്നി കാര്യങ്ങൾ ഗ്രഹിക്കുകയും, പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്.

**നയങ്ങളും കർമ്മപരിപാടികളും**

4.1. ഓരോ സ്ഥാപനവും സർക്കാരിന്റെ വനിതാ നയം അനുസരിച്ച് പ്രവർത്തിക്കുന്നു എന്ന് കാലാകാലങ്ങളിൽ ഉറപ്പുവരുത്തും.

4.2. വാർഷിക ബജറ്റുകളിൽ നിശ്ചിതശതമാനം സ്ത്രീകളുടെയും ഇതരലിംഗ വിഭാഗങ്ങളുടെയും ഉന്നമനത്തിനു വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തും.

4.3. സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഭരണസമിതിയിലും നിർബന്ധമായും സ്ത്രീകൾക്ക് പങ്കാളിത്തം ഉറപ്പാക്കും.

4.5. സാഹിത്യ അക്കാദമി,ലളിതകലാ അക്കാദമി, സംഗീത നാടക അക്കാദമി പോലുള്ള സാംസ്കാരിക സ്ഥാപനങ്ങളിൽ സ്ത്രീകൾ ധാരാളമായി ഗവേഷണ പ്രവർത്തനങ്ങൾക്ക് വരുന്നുണ്ടെങ്കിലും അവർക്കുള്ള സൌകര്യങ്ങൾ വളരെ പരിമിതമാണ്. സ്ത്രീകൾക്ക് താമസിച്ച് അക്കാദമിക പ്രവർത്തനവും കലാപ്രവർത്തനവും നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

4.6. . സാംസ്കാരിക വകുപ്പ് എല്ലാവർഷവും ജൻഡർ ഫെസ്റ്റിവൽ നടത്തും.

4.7. ഗ്രന്ഥശാലകൾ, സ്ത്രീ വായന കൂട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും കുടുംബശ്രീ യൂണിറ്റുകളിൽ വായനശാല പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുകയും ചെയ്യും.

4.8 പ്രാദേശിക തലം മുതൽ സാംസ്കാരിക രംഗത്ത് വേറിട്ട പാതയിൽ സഞ്ചരിച്ച സ്ത്രീ റോൾ മോഡലുകളെ സ്കൂൾ, കലാലയങ്ങളിൽ അവതരിപ്പിക്കുകയും ചർച്ചചെയ്യുകയും ചെയ്യും.

4.9. വിവിധ മേഖലകളിൽ പ്രവർത്തിച്ചിരുന്ന ചരിത്രത്തിലെ സ്ത്രീകളെ കണ്ടെത്താനും രേഖപ്പെടുത്താനുമുള്ള സംവിധാനം സൃഷ്ടിക്കും. അത് വെബ്സൈറ്റിൽ ലഭ്യമാക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കും.

4.10. കലാസാംസ്കാരിക രംഗത്ത് തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് പ്രത്യേക പിന്തുണ സംവിധാനങ്ങൾ സജ്ജീകരിക്കും.

4.11. കേരളത്തിലെ സ്ത്രീകളുടെ ഒരു സമ്പൂർണ്ണ സോഷ്യൽ ഹിസ്റ്ററി ഉണ്ടാക്കും.

4.12 മാധ്യമസ്ഥാപനങ്ങൾക്ക് സ്ത്രീപക്ഷമായ ഒരു മാധ്യമ നയത്തിന്റെ അഭാവം പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കൃത്യമായ സ്ത്രീപക്ഷ മാധ്യമ നയം കേരളത്തിൽ ഉണ്ടാവേണ്ടതുണ്ട്. അതിനുള്ള നിർദേശങ്ങൾ നൽകും.

4.13 പ്രസിദ്ധീകരണ സ്ഥാപനങ്ങളോടും മാധ്യമസ്ഥാപനങ്ങളോടും ജെൻഡർ സ്റ്റൈൽ ബുക്ക് ഉണ്ടാക്കാനുള്ള നിർദ്ദേശം നൽകും.

4.14. രാഷ്ട്രീയ/സാംസ്കാരിക /സാമൂഹിക രംഗത്ത് വ്യക്തിമുദ്രകൾ പതിപ്പിച്ച സ്ത്രീകൾ സമൂഹത്തിൽ വിസ്മരിക്കപ്പെടുന്നുണ്ട്. അവരുടെ പേരുകൾ അന്വർത്ഥമാക്കുന്ന രീതിയിൽ പരിപാടികൾ സംഘടിപ്പിക്കും.

4.15 കേരളത്തിലെ ഔദ്യോഗിക ഭാഷകളിൽ ഇന്നും മാറ്റം ഉണ്ടായിട്ടില്ല. തികച്ചും ലിംഗവിവേചനപരമാണ്, ഔദ്യോഗിക ഭാഷ. മാത്രമല്ല, അഭിസംബോധന ചെയ്യുന്ന ഇടങ്ങളിൽ പലപ്പോഴും സ്ത്രീകളോ ഇതര ലിംഗപദവിയിൽപെട്ടവരോ

ഉണ്ടാകാറില്ല. ഔദ്യോഗിക ഭാഷകളിലും മറ്റും സ്ത്രീ സൌഹൃദ/ഇതര-ലിംഗ സൌഹൃദ ഭാഷകൾ ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കും.

4.16. സിനിമ രംഗത്തടക്കമുള്ള മേഖലകളിൽ സ്ത്രീകൾ ഇന്ന് വിവേചനങ്ങൾ നേരിടുന്നുണ്ട്. ഇത്തരത്തിൽ ഉണ്ടാവുന്ന വിവേചനങ്ങൾ തടയാനുള്ള നിയമ നിർമാണം നടത്തും.

4.17. കലാ-സാംസ്കാരിക -ആയോധന രംഗത്ത് സ്ത്രീകളുടെ കഴിവ് പ്രകടിപ്പിക്കുവാനുള്ള സാധ്യതകൾ ഇന്ന് കുറവാണ്. അവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും, കലോൽസവങ്ങളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്ന രീതിയിൽ സ്ത്രീ കലോൽസവങ്ങൾ സംഘടിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കും.

4.18. എഴുത്തുകാരികൾ ധാരാളമായി മലയാള സാഹിത്യത്തിൽ ഉണ്ടെങ്കിലും അവരെ മുഖ്യധാരയിലേക്ക് ഉയർത്താനുള്ള സംവിധാനങ്ങൾ കുറവാണ്. അതുകൊണ്ട് തന്നെ പലരും അറിയപ്പെടാതെ പോകുന്നു. സ്ത്രീകളുടെതായ സാഹിത്യ സംഗമങ്ങൾ സംഘടിപ്പിക്കും.

4.19. കല-കായിക രംഗത്ത് പ്രശോഭിച്ചിരുന്ന പല സ്ത്രീകളും ഇന്ന് അറിയപ്പെടാതെ പോകുന്നുണ്ട്. പല തരത്തിലുള്ള ജീവിത സാഹചര്യങ്ങളിലും ജീവിച്ചിരിക്കുന്നവരാണ് പലരും. അവരെ കണ്ടെത്തി, അവർക്ക് നല്ല രീതിയിലുള്ള ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4.20. സിനിമ രംഗത്ത് പല തൊഴിലുകളിലും സ്ത്രീകൾക്ക് പ്രവേശനമില്ല എന്ന രീതി ഇന്നും തുടരുന്നുണ്ട്. അതിനു മുഖ്യ കാരണം, അവർക്ക് അതിനുള്ള നൈപുണി ഇല്ലാ എന്നതാണ്. സ്ത്രീകൾക്ക് നൈപുണി പരിശീലനം നൽകി, സിനിമ രംഗത്തുള്ള വിവേചനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4.21. ഇന്നും മാധ്യമരംഗത്ത്, പ്രസവ അവധി ഒരു പ്രശ്നമായി തന്നെ നിലനിൽക്കുന്നു. ഒരു കുട്ടിയെ പ്രസവിക്കാനുള്ള അവധി മാത്രമേ ഇന്ന് പത്ര മാധ്യമങ്ങൾ ഉൾപ്പെടെ ഉള്ള മാധ്യമ രംഗത്ത് നിലവിലുള്ളൂ. പ്രസവിക്കാനുള്ള സ്ത്രീയുടെ അവകാശത്തെ തന്നെ ചോദ്യം ചെയ്തുകൊണ്ടാണ് ഇന്നത്തെ അവസ്ഥ നിലനിൽക്കുന്നത്. എന്തുകൊണ്ട് ഈ രംഗത്ത് ഈ ഒരു അവസ്ഥ എന്നത് പഠിക്കുകയും, ഈ ദുസ്ഥിതി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുയും ചെയ്യും.

4.22. പോഷ് ആക്റ്റ് നിലവിൽ വന്ന വർഷമേറെ കഴിഞ്ഞിട്ടും, ഇന്നും പല മാധ്യമ രംഗങ്ങളിലും ഇന്റേർണൽ കമ്മിറ്റികൾ ഇല്ല എന്നത് ഒരു വസ്തുതയാണ്. തൊഴിൽ രംഗത്തെ പീഢനങ്ങൾ ഏറെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും, മാധ്യമരംഗം മാറ്റങ്ങളില്ലാതെ തുടരുന്നു. സിനിമ ഉൾപ്പെടെ ഉള്ള എല്ലാ മാധ്യമരംഗങ്ങളിലും സ്ത്രീകളുടെ സുരക്ഷക്കായി, ഇന്റേർണൽ കമ്മിറ്റികൾ രൂപീകരിക്കുന്നു എന്നത് ഉറപ്പ് വരുത്തും.

4.23. സ്ത്രീകളെയും പെൺകുട്ടികളെയും ആഗോളതലത്തിൽ അറിയപ്പെടുന്ന കായിക താരങ്ങൾ ആക്കി ഉയർത്തുന്ന തരത്തിൽ പരിശീലനം നൽകുവാനുള്ള നടപടികൾ സ്വീകരിക്കും.

## 5. നിയമം, സ്ത്രീസുരക്ഷ.

ഇന്ത്യൻ നിയമങ്ങളിലെ സ്ത്രീ വിരുദ്ധതക്ക് ചരിത്രപരമായ മാനങ്ങൾ ഉണ്ട്. നിയമ നിർമാണം നടക്കുന്ന വേദിയിലെ സ്ത്രീകളുടെ അസാന്നിധ്യം ആണ് അതിൽ പ്രധാനം. സ്ത്രീകൾക്ക് വേണ്ടി പറയാനോ, എഴുതാനോ അത്തരം വേദികളിൽ സ്ത്രീകൾ ഇല്ല എന്നാതാണ് മുഖ്യ കാരണം. നിയമങ്ങൾ രൂപപ്പെടുന്നത്, പ്രത്യേകിച്ചും, വ്യക്തി നിയമങ്ങൾ രൂപപ്പെടുന്നത് അതാതു കാലത്തെ ഉണ്ടായിരുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും കൂട്ടി വെച്ചുകൊണ്ടാണ് എന്ന് നമുക്ക് കാണുവാൻ കഴിയും. പൊതു മണ്ഡലത്തിൽ നിലനിൽക്കുന്ന പുരുഷമേധാവിത്വവും മതമേധാവിത്വവും അത്തരം ആചാരങ്ങളും, അനുഷ്ഠാനങ്ങളും നിയമമാക്കി രൂപപ്പെടുത്തുന്നതിൽ സ്വാധീനിച്ചിട്ടുണ്ട്. ഇത്തരം നിയമങ്ങൾ യഥാർത്ഥത്തിൽ സ്ത്രീകൾക്കെതിരായ കേസുകളിൽ പ്രതിക്ക് രക്ഷപ്പെടാനുള്ള മാർഗവും അവലംബിച്ചു കൊണ്ടാണ് നിയമങ്ങൾ നിർമ്മിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ധാരാളം പഴുതുകളുണ്ട്. എഴുതി വച്ച നിയമവും അതിന്റെ നടത്തിപ്പും രണ്ടും സ്ത്രീ വിരുദ്ധമായാണ് ഇന്ന് കാണുന്നത്. നിയമങ്ങളുടെ ഒരു സ്ത്രീപക്ഷ വായന അത്യന്താപേക്ഷിതമാണ്.

നിയമങ്ങൾ പലപ്പോഴും സാധാരണക്കാരിൽ എത്താറില്ല. അതിനു കാരണം അതിന്റെ ഭാഷയാണ്. ലളിതമായ ഭാഷയിൽ അത് ജനങ്ങളിലേക്ക് എത്തേണ്ടതുണ്ട്, എങ്കിൽ മാത്രമേ അത് പ്രയോഗത്തിൽ വരികയുള്ളൂ. നിയമ സാക്ഷരത എന്നത് നിയമങ്ങൾ ജനങ്ങൾക്ക്പ്രയോഗിക്കാൻ കഴിയുന്ന

രീതിയിൽ ലളിതമായി മനസ്സിലാക്കുക എന്നതാണ്. സ്ത്രീകളെ സഹായിക്കുന്ന രീതിയിലുള്ള ധാരാളം നിയമങ്ങൾ നമുക്ക് നിലവിലുണ്ട്. വിവാഹവുമായി ബന്ധപ്പെട്ടവയിൽ ഉദാഹരണത്തിന്, സ്ത്രീധനവുമായി ബന്ധപ്പെട്ടനിയമങ്ങൾ പ്രാവർത്തികമാക്കുവാൻ അതിൽ തന്നെ ഉള്ള പല പഴുതുകളും പ്രതികൂലമായി ഭവിക്കുന്നവയാണ്. അതുപോലെ തന്നെ തൊഴിൽ രംഗത്തും, ആരോഗ്യ രംഗത്തും, സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ടും ഒക്കെ ധാരാളം നിയമങ്ങൾ ഉണ്ടെങ്കിലും, അതിന്റെ നിർവഹണം പലപ്പോഴും ഫലപ്രദമല്ല. അതുകൊണ്ടുതന്നെ നിയമത്തിന്റെ ഒരു സ്ത്രീ വായന അത്യന്താപേക്ഷിതമാണ്.

കേരളസമൂഹത്തിൽ നിലനിൽക്കുന്ന അസമമായ ലിംഗപദവി ബന്ധത്തിന്റെ പ്രതിഫലനമാണ് സ്ത്രീകൾക്കു നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളുംൾ സൂചിപ്പിക്കുന്നത്. ഓരോ വർഷം ചെല്ലുന്തോറും അതിക്രമങ്ങളുടെ എണ്ണം വർധിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. കുടുംബത്തിനകത്തെ അതിക്രമമാണ് പരാതികളിൽ മുന്നിൽ നിൽക്കുന്നത്. കുടുംബ കോടതികളും, സർവീസ് പ്രോവൈഡിംഗ് സെന്ററുകൾ എന്നിവ നിലവിൽ ഉള്ളപ്പോഴും, സ്ത്രീകളോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് മാറാതെ നിയമത്തിന്റെ പ്രായോഗികതലം ഫലവത്താകുകയില്ല. അതുകൊണ്ട് തന്നെ, കുടുംബം, തൊഴിലിടങ്ങൾ, പൊതുസ്ഥലം, മാധ്യമം എന്നിങ്ങനെ സമൂഹത്തിന്റെ എല്ലായിടങ്ങളും സ്ത്രീകളോടുള്ള വിവേചനത്തിന്റെയും അതിക്രമത്തിന്റെയും വേദികളായി മാറുന്ന ആശങ്കാജനകമായ സാഹചര്യം നിലവിലുണ്ട്

**നയങ്ങളും കർമ്മ പരിപാടികളും**

5.1 സ്ത്രീ സംരക്ഷണ നിയമങ്ങൾ പലതും സ്ത്രീ വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്നവയാണ്. സ്ത്രീ സംരക്ഷണ നിയമങ്ങളുടെ പഴുതുകൾ പരിശോധിച്ചുകൊണ്ട് ഭേദഗതികൾ സമർപ്പിക്കാനും പുതിയ നിർദ്ദേശങ്ങൾക്ക് രൂപം നല്കാനുമായി നിയമജ്ഞർക്ക് ഭൂരിപക്ഷമുള്ള ഒരു സമിതി രൂപീകരിക്കും. ഈ സമിതി സമയ ബന്ധിതമായി നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും മുൻഗണന നൽകി അവ നടപ്പാക്കുകയും ചെയ്യും. ഈ സമിതിയിൽ ഭൂരിപക്ഷം സ്ത്രീകളായിരിക്കും.

5.2. കുടുംബകോടതികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ ഭൌതിക സാഹചര്യങ്ങൾ സൃഷ്ടിക്കും. എല്ലാ കോടതികളുടെയും കുടുംബക്കോടതികളുടെയും അന്തരീക്ഷവും ഭൌതികസാഹചര്യങ്ങളും സ്ത്രീ

സൌഹൃദപരമായിരിക്കുമെന്ന് ഉറപ്പുവരുത്തും. കോടതിയിലെത്തുന്ന സ്ത്രീകൾക്ക് പ്രത്യേകം വിശ്രമമുറി, മുലയൂട്ടൽ കേന്ദ്രം, ടോയലെറ്റ്, വരാന്തകളിലും മറ്റും ഇരിക്കാനുള്ള സൌകര്യം എന്നിവ ഉറപ്പു വരുത്തും. അവിടെയുള്ളഭൗതികസാഹചര്യങ്ങൾകൂടാതെ, സമൂഹത്തിൽകുടുംബകോടതികൾഎത്രമാത്രംപ്രതിഫലനംസൃഷ്ടിച്ചിട്ടുണ്ട്എന്നപഠനവുംനടത്തി,വേണ്ട മാറ്റങ്ങൾ നിർദേശിക്കും

5.3. മുഴുവൻ സ്ത്രീകൾക്കുംസ്കൂൾ കുട്ടികൾക്കും സ്ത്രീ സംരക്ഷണനിയമങ്ങൾ സംബന്ധിച്ച നിയമ സാക്ഷരത ലഭ്യമാക്കും.

5.4. വിദ്യാഭ്യാസ മേഖലയിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നിയമാവബോധം നൽകാനുള്ള നടപടികൾ എടുക്കും.

5.5. അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം കൊണ്ടുവരും.

5.6. കൌമാരക്കാർ, ഗർഭിണികൾ, ലൈംഗിക പീഡനത്തിലെ അതിജീവിതകൾ, ഉപേക്ഷിക്കപ്പെട്ട അഗതികൾ, രോഗം മൂലം സാമൂഹ്യ ബഹിഷ്കരണം നേരിടുന്നവർ എന്നിവരുടെ പരിരക്ഷയ്ക്കും പുനരധിവാസത്തിനും നിയമം രൂപപ്പെടുത്തും.

5.7. നിയമങ്ങളെല്ലാം തന്നെ നിരന്തരമായി ജെൻഡർ ഓഡിറ്റിങ്ങിന് വിധേയമാക്കും.

5.8. വിവാഹ രജിസ്ട്രേഷൻ നടത്തുമ്പോൾ തന്നെ വിവാഹത്തോടനുബന്ധിച്ച് ലഭ്യമായ സ്വത്ത് സംബന്ധിച്ച വിവരങ്ങൾ, സമ്മാനങ്ങൾ മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നത് നിർബന്ധമാക്കും. പ്രസ്തുത സ്വത്തുക്കൾ പെൺകുട്ടിക്ക് മാത്രം ഉപയോഗപ്പെടുത്തുന്ന രീതിയിലേക്ക് നിയമ നിർമാണം നടത്തും.

5.9. ആർഭാട വിവാഹത്തിന് സാമ്പത്തിക പരിധി വെക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

5.10. വിവാഹങ്ങൾ നിയമപരമായി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാക്കും.

5.11. വിവാഹപൂർവ്വ കൗൺസിലിംഗിനുള്ള സാധ്യതകൾ ചർച്ചയ്ക്ക് വിധേയമാക്കും.

5.12 സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ ജില്ലാതലത്തിൽ ലീഗൽ കൗൺസിൽ രൂപീകരിക്കും.

5.13 പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകുകയും, അവർ സുരക്ഷിത മാർഗ്ഗങ്ങൾ സ്വായത്തമാക്കേണ്ടതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

5.14 സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പിൽ സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടികൾ എടുക്കും.

5.15 വിധികളുടെയും തീർപ്പുകളുടെയും ജെൻഡർ ഓഡിറ്റ് നടത്തുവാനും കാലാനുസൃതമായി ഭേദഗതിക സമർപ്പിക്കുവാനും പുതിയ നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കാനുമായി നിയമജ്ഞർക്ക് ഭൂരിപക്ഷമുള്ള ഒരു സമിതി രൂപീകരിക്കും. ഈ സമിതി സമയബന്ധിതമായി നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും മുൻഗണനന നൽകി നടപ്പാക്കുകയും ചെയ്യും. ഈ സമിതിയിൽ ഭൂരിപക്ഷം സ്ത്രീകളായിരിക്കും. അത്തരത്തിലുള്ള ഒരു ജെൻഡർ ജൂറിസ് പ്രൂഡൻസ് ജൻഡർ പാർക്ക് കേന്ദ്രീകരിച്ച് സ്ഥാപിക്കും.

5.16 സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഫലപ്രദമായി തടയുകയും ജാഗ്രതാ സമിതികളെ ഉപയോഗിച്ച് സ്ത്രീകൾക്ക് നിയമ സംരക്ഷണം ഉറപ്പാക്കുന്നതിൽ വിജയിക്കുകയും ചെയ്യുന്ന പഞ്ചായത്തുകളെ/ നഗരസഭകളെ അക്രമ വിമുക്ത പ്രദേശമായി പ്രഖ്യാപിച്ച് അഭിനന്ദിക്കും.

5.17 നിലവിലുള്ള സുരക്ഷ സംവിധാനങ്ങൾ ഫലപ്രദവും കുറ്റമറ്റതാക്കാനുള്ള നടപടികൾ കൈകൊള്ളും.

5.18 സാമൂഹ്യവകുപ്പിനും വനിതാ ശിശു വികസന വകുപ്പിനും കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലും ഉള്ള സ്ത്രീകളുടെ മാനസികവും, ശാരീരികവുമായ വികാസത്തിന് സഹായകമാകുന്ന തരത്തിൽ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭങ്ങളും നടപ്പാക്കും. counselling സ്ഥിരം സംവിധാനം ഉണ്ടാക്കും..

5.19 ക്ഷേമസ്ഥാപനങ്ങളിൽജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്ക് ആവശ്യമുള്ള പരിശീലനങ്ങൾ നൽകുകയും ജോലിയിൽ സംതൃപ്തി ഉണ്ടാകുന്ന രീതിയിൽ ഉള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യും.

5.20 വർദ്ധിച്ചു വരുന്ന ഗാർഹിക പീഡനങ്ങളും, സ്ത്രീകളുടെ പ്രതിഫലമില്ലാത്ത ഗാർഹികജോലികളും കണക്കിലെടുത്ത്, കുടുംബത്തിൽ ജനാധിപത്യ ബന്ധവും തുറന്ന ചർച്ചകളും പ്രോൽഹിപ്പിക്കുന്നതിനു സഹായകമായ ആശയപ്രചരണം നടത്തും.–

5.21 സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട കേരളത്തിൽ നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു എന്നത് ഉറപ്പ് വരുത്തും.

5.22 ശാരീരികവും, മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടുന്ന പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കും.

**6.ആദിവാസി സമൂഹം**

കേരളസമൂഹത്തിൽ സ്ത്രീകൾക്ക് പൊതുവിൽ അവകാശപ്പെടാനാകുന്ന നേട്ടങ്ങളൊന്നും ചൂണ്ടിക്കാട്ടാനാവാത്ത പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ സ്ത്രീകളുടെ അവസ്ഥ ശോചനീയമാണ്. അതിൽ ഏറ്റവും പരിഗണന അർഹിക്കുന്നത് ആദിവാസിസ്ത്രീകളാണ്. സ്ത്രീപുരുഷാനുപാതത്തിന്റെ കാര്യത്തിൽ കഴിഞ്ഞ 40 വർഷത്തിനിടയിൽ ആദിവാസി സമൂഹത്തിൽ ഗുണപരമായ മാറ്റം കാണുന്നുണ്ടെങ്കിലും, ഇത് കേരളത്തിന്റെ പൊതുനിരക്കിൽ നിന്ന് താഴെയാണ്. ഇന്ത്യയിലാകെ പരിശോധിക്കുമ്പോൾ ആദിവാസി സ്ത്രീ പുരുഷാനുപാതത്തിൽ ഇടിവ് സംഭവിച്ച സാഹചര്യത്തിൽ കേരളത്തിന്റെ വർധനവ് അനുകൂലമായ സൂചകം തന്നെയാണ്. എന്നാൽ അട്ടപ്പാടി പോലെ ആദിവാസി ഭൂരിപക്ഷ പ്രദേശങ്ങൾ സവിശേഷമായെടുത്ത് പരിശോധിക്കുമ്പോൾ 1000 പുരുഷന്മാർക്ക് 970 സ്ത്രീകൾ എന്ന ആശങ്കയുളവാക്കുന്ന സ്ത്രീപുരുഷാനുപാതമാണ് കാണുന്നത്. വിവിധ ഗോത്രവിഭാഗങ്ങൾക്കുള്ളിൽ പ്രാദേശിക ഭേദമനുസരിച്ച് ആദിവാസി ജീവിതത്തിന്റെ ഗുണനിലവാരത്തിൽ വ്യത്യാസം കാണുന്നതാകാം ഇതിനു കാരണം.

കഴിഞ്ഞ കുറെ കാലങ്ങളായി പട്ടികജാതി-പട്ടിക വർഗ വിഭാഗങ്ങൾക്കിടയിലെ സാക്ഷരതാനിരക്ക് വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. എങ്കിലും സംസ്ഥാനത്തെ പൊതുസാക്ഷരതയുമായി താരതമ്യം ചെയ്യുമ്പോൾ (87.7%) പട്ടികജാതി സ്ത്രീകളുടെ സാക്ഷരത (77.56%) കുറവാണ്. ആദിവാസി സ്ത്രീകളുടെ സാക്ഷരത 58.11 ശതമാനമാണ് എന്നത് ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്. സ്കൂളിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും എട്ടാം ക്ലാസോടെ കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ എണ്ണം ആദിവാസികൾക്കിടയിൽ കൂടുതലാണ്. പത്താം ക്ലാസിനു മുകളിലേക്ക് പഠിക്കാനുള്ള അവസരം വിനിയോഗിക്കാനാകുന്നത് ചില ഗോത്രങ്ങളിൽപ്പെട്ട ആദിവാസി പെൺകുട്ടികൾക്ക് മാത്രമാണ്.

പല തരത്തിലുള്ള സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പ്രശ്നങ്ങൾ ആദിവാസി പെൺകുട്ടികളുടെ പഠനത്തിന് വിഘാതമാകുന്നുണ്ട്.

കേരളത്തിൽ പൊതുവിൽ സ്ത്രീ തൊഴിൽ പങ്കാളിത്തം കുറവാണെങ്കിലും ആദിവാസി സ്ത്രീകൾക്കിടയിലെ തൊഴിൽ പങ്കാളിത്തം ഉയർന്നതാണ്. കൃഷിപ്പണിയിലും കൂലിപ്പണിയിലും ആണ് ഭൂരിപക്ഷം പേരും ഏർപ്പെട്ടിരിക്കുന്നത്. വനവിഭവങ്ങൾ ശേഖരിച്ച് ജീവിക്കുന്നവരും ഏറെയുണ്ട്. പല തരത്തിലുള്ള സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക കയ്യേറ്റങ്ങൾക്ക് മുന്നിൽ ജീവിതത്തിന്റെ സ്വാഭാവിക താളം നഷ്ടപ്പെട്ട ആദിവാസി ജീവിതം ഇന്ന് നേരിടുന്ന വെല്ലുവിളികളുടെ ആഘാതം ഏറ്റവുമധികം പേറുന്നത് സ്ത്രീകളാണ്. അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ, ഗുരുതരമായ വിളർച്ച രോഗം, മാതൃശിശു ആരോഗ്യപ്രശ്നങ്ങൾ എന്നിങ്ങനെ നിരവധി വെല്ലുവിളികൾ ആദിവാസി സ്ത്രീകൾ നേരിടുന്നുണ്ട്. മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ കാരണം സ്ത്രീകളുടെ ജീവിതക്ലേശം വർദ്ധിപ്പിക്കുന്ന അനുഭവങ്ങളും ആദിവാസിമേഖലയിൽ അട്ടപ്പാടിപോലുള്ള പ്രദേശങ്ങളിൽ വ്യാപകമാണ്.

പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളിൽ കാണുന്ന ദാരിദ്ര്യത്തിന്റെ തോത് സംസ്ഥാനത്തെ പൊതു ദാരിദ്ര്യത്തെക്കാൾ വളരെ കൂടുതലാണ്. സംസ്ഥാനത്തെ ജനസംഖ്യയുടെ 1.14 ശതമാനം മാത്രമാണ് ആദിവാസികൾ. എന്നാൽ സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളുടെ 3 ശതമാനം ആദിവാസികളാണെന്നത് ഇവർക്കിടയിലെ ദാരിദ്ര്യത്തിന്റെ രൂക്ഷത സൂചിപ്പിക്കുന്നുണ്ട്. ദാരിദ്ര്യത്തിന്റെ ഭാരം കൂടുതൽ ചുമക്കേണ്ടി വരുന്നത് ആദിവാസി സ്ത്രീകളും കുഞ്ഞുങ്ങളുമാണ്.

ആദിവാസി സമൂഹത്തിനു പ്രത്യേക പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രത്യേക സംവരണം വിദ്യാഭ്യാസത്തിനും തൊഴിലിനും ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും, ആദിവാസി സമൂഹത്തിന്റെ അകത്ത് നില നിൽക്കുന്ന ശ്രേണി പലപ്പോഴും അർഹതപ്പെട്ടവരുടെ അവസരം നിഷേധിക്കുന്നതായി മാറുന്നുണ്ട്. ഗോത്ര സമൂഹത്തിനുള്ളിൽ തന്നെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത് അതായത് സംവരണത്തിനുള്ളിലെ സംവരണം ഈ പ്രതിസന്ധി മറികടക്കാൻ സഹായിച്ചേക്കാം.

**നയങ്ങളും കർമ്മ പരിപാടികളും**

6.1 കേരളത്തിലുള്ള വിദ്യാഭ്യാസ നിലവാരത്തിന്റെ പൊതു സൂചികകളെ അപേക്ഷിച്ച് ആദിവാസി പെൺകുട്ടികളുടെ വിദ്യാഭ്യാസനിലവാരം പിന്നോക്കം നിൽക്കുന്നു.അവർക്ക് വിദ്യാഭ്യാസ രംഗത്ത് തുല്യനീതി ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കും.

6.2 ആദിവാസി പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകുന്നത് തടയുന്നതിന്റെ ഭാഗമായി, അവരുടെ പഠനം മുന്നോട്ടുകൊണ്ടുപോകാനുള്ള സംവിധാനം ഒരുക്കും.

6.3 ആദിവാസി പെൺകുട്ടികളുടെ റസിഡൻഷ്യൽ ഹോസ്റ്റലുകളിൽ സുരക്ഷാ സംവിധാനം ശക്തമാക്കും..

6.4 ഇത്തരം ഹോസ്റ്റലുകളുടെ സുരക്ഷയും സൌകര്യങ്ങളും സാമൂഹ്യപ്രവർത്തകരായ സ്ത്രീകൾഉൾപ്പെടെ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റിയെ ക്കൊണ്ട് പരിശോധിപ്പിക്കുകയും അവരുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ ഒരു സോഷ്യൽ ഓഡിറ്റിംഗിനു വിധേയമാക്കുകയും ചെയ്യും.

6.5 തൊഴിലധിഷ്ഠിത കോഴ്സുകളിലും പാരാമെഡിക്കൽ കോഴ്സുകളിലും ആദിവാസി പെൺകുട്ടികളുടെ എണ്ണം കുറവായതിനാൽ പ്രോത്സാഹനം നൽകി അവരെ മുന്നോട്ട് കൊണ്ടുവരാനുള്ള ശ്രമം നടത്തും.

6.6 ആദിവാസി വിദ്യാർത്ഥിനികൾക്ക് കായികാഭ്യാസത്തിൽ കഴിവുള്ളതിനാൽ അവരെ ആഗോള തലത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി വിദ്ധ്യാർത്ഥനികൾക്കായി ഒരു സ്പോർട്സ് അക്കാദമിയുടെ സംവിധാനമൊരുക്കാനുള്ള ശ്രമം നടത്തും.

6.7 ആദിവാസി സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറഞ്ഞിരിക്കാനുള്ള കാരണം, തൊഴിൽ നൈപുണിയുടെ കുറവാണെന്നതിനാൽ ആദിവാസി പ്രദേശങ്ങളിലെ പ്രാദേശിക സവിശേഷതകളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള തൊഴിൽ പരിശീലനങ്ങളും ഉല്പാദന സംരംഭങ്ങളും ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കും.

6.8 ആദിവാസി സ്ത്രീകൾക്ക് സെറികൾച്ചർ, മുളയുൽപ്പന്നങ്ങൾ, പരമ്പരാഗത കരകൌശലം എന്നിവയിൽ വിദഗ്ധ പരിശീലനം നൽകി അവ

ഉദ്പാദിപ്പിക്കുവാനും, സൂക്ഷിക്കാനും, വിപണനം ചെയ്യാനുമുള്ള പിന്തുണാ സംവിധാനം നടപ്പാക്കും.

6.9 വനവിഭവങ്ങൾ ശേഖരിക്കുന്നതിനും അവ വിറ്റഴിക്കുന്നതിലും ഇന്ന് നിലനിൽക്കുന്ന വിഘ്നാതങ്ങൾ കണ്ടെത്തി അവ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

6.10 ആദിവാസി മേഖലയിലെ ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തും.

6.11 ആദിവാസി പെൺകുട്ടികളുടേയും സ്ത്രീകളുടേയും പോഷകാഹാരക്കുറവ് നികത്തുന്ന തരത്തിൽ പോഷകാഹാരം സ്കൂളിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കും.

6.12 ഭരണ സംവിധാനങ്ങളിൽ ആദിവാസി സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കും.

6.13 ഊരുകൂട്ടം, ത്രിതല പഞ്ചായത്ത് എന്നിങ്ങനെയുള്ള പ്രാദേശിക ഇടങ്ങളിൽ ട്രൈബൽസ്ത്രീപ്രാതിനിധ്യം ഉറപ്പാക്കും.

6.14 സ്ത്രീകളുടെ സഹായത്തോടെ പ്രാദേശികമായി ജൈവകൃഷി പ്രോത്സാഹിപ്പിക്കും. ജൈവകൃഷിയ്ക്ക് ആധാരമായ നൈപുണി(യന്ത്രമുൾപ്പെടെ) വർധിപ്പിക്കാനുള്ള പരിശീലനം പ്രാദേശികതലത്തിൽ നടപ്പാക്കാനുള്ള ഏർപ്പാടുകൾ ചെയ്യും.

6.15 ആദിവാസി മേഖലയിലെ വിവിധ ഗോത്ര വിഭാഗങ്ങളുടെ വ്യത്യസ്ത ജീവിത ഗുണനിലവാരം കണക്കിലെടുത്ത് ഏറ്റവും അധികം പ്രശ്നപൂരിതമായ വിഷയങ്ങൾ പഠനവിധേയമാക്കുകയും പഠനങ്ങളുടെ അടിസ്ഥാനത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യും.

6.16 ആദിവാസി സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിന് ഊർജിത നടപടികൾ സ്വീകരിക്കും.

6.17 ആദിവാസി മേഖലയിലെ മദ്യപാനത്തിനും ലഹരിക്കും അടിമപ്പെട്ടവർക്കായി, ഡി അഡിക്ഷൻ സെന്ററുകളും കൗൺസിലിംഗ് സെന്ററുകളും സർക്കാർ ആശുപത്രികളുടെ ഭാഗമായി സ്ഥാപിക്കാനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കും.

6.18 ആദിവാസി ഭൂരിപക്ഷ മേഖലകളിലും മറ്റ് പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങളിലും ഉള്ള പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകളുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും എല്ലാ പോലീസുകാർക്കും gender അവബോധം നൽകുകയും ചെയ്യും.

6.19 ഉൾപ്രദേശങ്ങളിലുള്ള ആദിവാസി കോളനികളിൽ ആരോഗ്യ പരിശോധനയ്ക്കും ഗർഭിണികളുടേയും നവജാത ശിശുക്കളുടേയും പരിശോധനയ്ക്കുമായി സ്ഥിരം മൊബൈൽ പരിശോധന സംവിധാനം ഏർപ്പെടുത്തും.

6.20 ആർത്തവം, ഗർഭധാരണം, പ്രസവം, ബാല്യവിവാഹം എന്നിവ സംബന്ധിച്ച് നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും തിരുത്തുന്നതിനായി ആദിവാസി സ്ത്രീകൾക്ക് പരിശീലനം നൽകും.

6.21 ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയ്ക്ക് കീഴിലുള്ള ആഷ പ്രവർത്തകർക്ക് മിഡ് വൈഫ് പരിശീലനം നൽകി പ്രസവുമായി ബന്ധപ്പെട്ട് ആദിവാസി മേഖലയിലെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നിയന്ത്രിക്കുവാനുള്ള സാധ്യതകൾ പരിശോധിക്കും. അത് പോലെ തന്നെ ആർത്തവവുമായി ബന്ധപ്പെട്ട ആരോഗ്യശീലങ്ങൾ നൽകും.

6.22 ആദിവാസി ഭൂരിപക്ഷ മേഖലകളിൽ ലേബർ റൂം, ഓപ്പറേഷൻ തീയേറ്ററുൾപ്പെടെയുള്ള സൌകര്യങ്ങളോടുകൂടിയ ആശുപത്രികൾ ഉറപ്പു വരുത്തും..

**7.തീരദേശം**

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക ശ്രദ്ധ അർഹിക്കുന്നതുമായ മേഖലയാണ് തീരദേശമേഖല. കേരളത്തിലെ തീരദേശം (590 km) .ഒൻപതു ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു. വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും തീരദേശവാസികൾ ഉണ്ട്. അവരുടെ ജനസംഖ്യ 10,54,810 ആണ്. അതിൽ സ്ത്രീകൾ 3,72,364 ആണ്. ആദിവാസി മേഖലകളിലെന്ന പോലെ, ജീവിത രീതിയിലും സംസ്കാരത്തിലും, അധ്വാന രൂപങ്ങളിലുമൊക്കെ വൈവിധ്യം ഈ 9 തീരദേശ ജില്ലകളിലും കാണാം. വടക്കും തെക്കും ഉള്ള തീരദേശവാസികളുടെ ജീവിതപരിസരങ്ങൾ തന്നെ വ്യത്യസ്തമാണ്.

കേരളത്തിൽ ആകെ 222 മത്സ്യ തൊഴിലാളി ഗ്രാമങ്ങൾ ഉള്ളതിൽ ഒരു ഗ്രാമത്തിനു മൂന്നു എന്ന തോതിൽ വിദ്യാലയങ്ങൾ ഉണ്ട്. വിദ്യാതീരം, പ്രതിഭ തീരം എന്നിങ്ങനെ വിദ്യാഭ്യാസ രംഗത്ത് വളരെ അധികം പദ്ധതികൾ തീരദേശ മേഖലയിൽ ഉണ്ടായിട്ടുണ്ടെങ്കിലും, “വിവാഹം”ആത്യന്തിക ലക്ഷ്യം എന്ന രീതിയിൽ വിദ്യാഭാസത്തെക്കാളും, തൊഴിലിനെക്കാളും വിവാഹത്തിനു പ്രാധാന്യം കൊടുക്കുന്നതിനാൽ കൊഴിഞ്ഞുപോക്കിന്റെ തോത് ഇപ്പോഴും കൂടുതൽ ആണ്.

തീരദേശത്ത് ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടെങ്കിലും, ജീവിതശൈലി രോഗങ്ങൾ ഉൾപ്പെടെ ഇവിടെ കാണാം. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും നിലവിലുണ്ട്. യന്ത്രവൽക്കരണം സ്ത്രീകളുടെ തൊഴിൽ നഷ്ടപ്പെടുത്തിക്കൊണ്ടാണ് പുരോഗമിച്ചത്. സ്ത്രീകളുടെ തൊഴിൽ ഇല്ലായ്മ വളരെ രൂക്ഷമാണ്. യന്ത്രവൽകൃത ബോട്ടിൽ മീൻ പിടിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാർക്ക് തൊഴിൽ ലഭ്യമാണ്. പക്ഷെ, സ്ത്രീകൾ ഈ തൊഴിലിൽ ഏർപ്പെടാറില്ല. കാരണം, അതിനുള്ള വൈദഗ്ധ്യം അവർക്കില്ല എന്നത് ഒരു പരിമിതിയാണ്. മൂന്നും നാലും കുടുംബങ്ങൾ ഒന്നിച്ച് ഒരു വീട്ടിൽ താമസിക്കുന്ന രീതി ഇന്നും പല തീരദേശങ്ങളിലും കാണാം. അതു കാരണം റേഷൻകാർഡ് ഉൾപ്പെടെയുള്ള പല ആനുകൂല്യങ്ങളും ഇവർക്ക് നിഷേധിക്കപ്പെടുന്നു. കാലാവസ്ഥ വ്യതിയാനവും, വമ്പൻ കോർപ്പറേറ്റുകളുടെ കടന്നുകയറ്റവും തീര ദേശത്തെ കൂടുതൽ ദരിദ്രവൽക്കരിച്ച്കൊണ്ടിരിക്കുന്നു. ധാരാളം പദ്ധതികളും സംഘടനകളും ഉണ്ടെങ്കിലും, തീരദേശ മേഖല സ്ത്രീകളെ സംബന്ധിച്ച് കുറെ മുൻപോട്ട് പോകേണ്ടിയിരിക്കുന്നു.

**നയങ്ങളും കർമ്മ പരിപാടികളും**

7.1 തീരദേശത്ത് സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്തും.

7.2 യന്ത്രവൽക്കരണത്തിൻറെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട മത്സ്യ മേഖലയിലെ സ്ത്രീകൾക്ക് നൈപുണി പരിശീലനം നൽകുകയും തൊഴിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും പ്രാദേശിക തലത്തിലുള്ള വിപണിസാധ്യതകൾ കണ്ടെത്തുകയും ചെയ്യും.

7.3 മത്സ്യബന്ധനത്തിൽ സ്ത്രീകൾക്ക് പരിശീലനം കൊടുക്കുകയും കടലിൽ പോകാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

7.4 എല്ലാ തീരദേശ പഞ്ചായത്തിലും ഫിഷിംഗ് കമ്മ്യൂണിറ്റി വെൽനസ് സെൻററുകൾ ഉണ്ടാക്കുകയും അതിലൂടെ വിവരങ്ങൾ നൽകുകയും ചെയ്യുന്ന സംവിധാനം ഉണ്ടാക്കും.

7.5 സ്കൂളുകളിൽപെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും"വിവാഹമല്ല, വിദ്യാഭ്യാസമാണ് പ്രധാനം" എന്ന സന്ദേശം ഉൾക്കൊണ്ട് കരിയർ ഗൈഡൻസ് നടപ്പാക്കാനുള്ള സാധ്യതകൾ അന്വേഷിക്കും.

7.6 തീരദേശത്തിലെ സ്ത്രീകളുടെ പദവി പഠനം നടത്തി, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിക്കും.

7.7 തീരദേശത്ത് നിലവിലുള്ള പോഷകാഹാരക്കുറവ് കണ്ടെത്തി പരിഹരിക്കാനുള്ള നടപടികൾ എടുക്കും.

7.8 തീരദേശത്തുള്ള എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡുംതാമസസൗകര്യവും ഏർപ്പെടുത്താനുള്ള നടപടികൾ എടുക്കും.

7.9 തീരദേശ തൊഴിൽ മേഖലയിൽ അക്വാകൾച്ചർ, അലങ്കാരമത്സ്യങ്ങൾ, ജലസസ്യങ്ങൾ എന്നിവയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യതകൾ കണ്ടെത്തും.

7.10 സാഫ്, തീരമൈത്രി പോലുള്ളവയുടെ പ്രവർത്തനഫലമായി തീരദേശത്തിലെ സ്ത്രീ തൊഴിലാളികളിൽ ഉണ്ടായ പുരോഗതിയെക്കുറിച്ച് പഠിക്കും.

7.11 മത്സ്യതൊഴിലാളി സ്ത്രീകൾക്ക് മത്സ്യ വിപണനത്തിനാവശ്യമായ സൌകര്യങ്ങൾ ഉറപ്പാക്കും.

## 8. വയോജനങ്ങൾ

ജനസംഖ്യയുടെ ഏതാണ്ട് ഇരുപതു ശതമാനത്തോളം വരുന്ന വയോജനങ്ങളുടെ സംരക്ഷണം സർക്കാർ ഏറ്റെടുത്തു പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മുതിർന്ന പൗരർ, സർക്കാരിന്റെ മാത്രം ഉത്തരവാദിത്വം അല്ല, സമൂഹത്തിന്റെയും കൂടിയാണ്. ആയുർദൈർഘ്യത്തിന്റെ ഭാഗമായി വയോജനങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. മാത്രമല്ല, ഒറ്റയ്ക്ക് താമസിക്കേണ്ടിവരുന്നതും അവരാണ്.

| | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| ജനസംഖ്യ | 73,78,649 | 60,27,412 | 34,06061 |
| മുതിർന്നവർ | 23,09,798 | 8,83,595 | 1,93,393 |
| 60-69 | 1,72,437 | 1,44,368 | 4,16,805 |
| 70-79 | 6,99,860 | 34,879 | 2,34,739 |

Economic Review 2022

കേരളത്തിൽ 1961ൽ മൊത്തം ജനസംഖ്യയുടെ 5.1% മാത്രമായിരുന്ന വയോജനങ്ങൾ 1980നു ശേഷം 10.5 ആയും 2013ൽ 13% ആയി വർദ്ധിച്ചിട്ടുണ്ട്, എന്നത് അവർ പ്രത്യേക പരിഗണന അർഹിക്കുന്നവരാണെന്നു വ്യക്തമാക്കുന്നു. കേരളത്തിൽ കൂട്ടുകുടുംബങ്ങളുടെ തകർച്ചയും, അണു

കുടുംബങ്ങളുടെ വളർച്ചയും ഒറ്റപ്പെടൽ സൃഷ്ടിക്കുന്നു എന്നത് കൂടാതേ, പല കുടുംബങ്ങളിലെയും യുവതീ യുവാക്കൾ മറ്റു പ്രദേശങ്ങളിലും, കേരളത്തിന് പുറത്തുമാണ് എന്നത് ഇവരുടെ ഏകാന്തത വർധിപ്പിക്കുന്നു. ഇത് തന്നെ, ഇവരുടെ ശാരീരികവും, മാനസികവുമായ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. ഒറ്റപ്പെടൽ, ഏകാന്തത, അവഗണന, അണുകുടുംബങ്ങളുടെ പ്രത്യേകതകൾ, ജീവിതശൈലി രോഗങ്ങൾ, ആർത്തവവിരാമത്തിന്റെ പ്രശ്നങ്ങൾ സാമ്പത്തിക പ്രയാസങ്ങൾ തുടങ്ങി നിരവധിയായ പ്രശ്നങ്ങളിലൂടെ കടന്നുപോകുന്നവരാണ് കേരളത്തിലെ മുതിർന്ന പൗരർ.

സർക്കാരിന്റെ ഭാഗത്ത് നിന്ന് പല പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. Maintenance and Welfare of Parents and Senior Citizens Act 2007 ഇന്റെ ചട്ടങ്ങൾ കേരളത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. മുതിർന്നവർക്കുള്ള ഹോമുകൾ കൂടാതെ, വയോ അമൃതം, സായംപ്രഭ, വയോശ്രേഷ്ഠ സമ്മാൻ എന്നിങ്ങനെ പല പദ്ധതികളും കേരള സർക്കാർ നടത്തി വരുന്നുണ്ട്, എങ്കിലും വയോജന പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യ പ്രശ്നങ്ങൾക്കും, സാമ്പത്തിക പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. വയോജനങ്ങൾക്കായി വയോജന കമ്മീഷനും പ്രത്യേകമായി ഒരു വകുപ്പും വേണമെന്ന് സീനിയർ സിറ്റിസൺ ക്ഷേമ സമിതി ആവശ്യം ഉന്നയിച്ചിട്ടുണ്ട്. മനുഷ്യ ബന്ധങ്ങൾ വർധിപ്പിക്കാനും, മാനസിക ആരോഗ്യം മെച്ചപ്പെടുത്താനും ഇനിയും പദ്ധതികൾ ആവശ്യമാണ്. അവരുടെ ജീവിത അനുഭവങ്ങളും, കഴിവും കേരളത്തിന്റെ വികസനത്തിനായി പ്രാദേശിക തലത്തിൽ ഉപയോഗിക്കേണ്ടതാണ്.

വൈധവ്യത്തിന്റെയും വാർധക്യത്തിന്റെയും ലിംഗ വിവേചനത്തിന്റെയും പ്രശ്നങ്ങൾ നേരിടുന്നവരാണ് മുതിർന്ന സ്ത്രീകൾ. ആയുർദൈർഘ്യം കൂടുതലാണെന്ന് എടുത്തു പറയുമ്പോൾ തന്നെ വൃദ്ധർക്കിടയിൽ രോഗാതുരതയും കൂടുന്നു എന്നത് അടിയന്തിര ശ്രദ്ധ ആവശ്യപ്പെടുന്ന പ്രശ്നമാണ്.

**നയങ്ങളും കർമ്മ പരിപാടികളും**

8.1 കേരളത്തിൽ മാറുന്ന ജനസംഖ്യാ രീതി (Demographic Transition) കണക്കിലെടുത്ത്, ഭൂരിപക്ഷം വരുന്ന സ്ത്രീകളുടെ- വയോജനങ്ങൾ ഉൾപ്പെടെ സംരക്ഷണം ഉറപ്പ് വരുത്തും.

8.2 മുതിർന്ന സ്ത്രീകൾ താമസിക്കുന്ന (ഒറ്റയ്ക്കോ, ഒരുമിച്ചോ) വീടുകൾ, അവിടെയുള്ള അന്തേവാസികളുടെ വിവരങ്ങൾ എന്നിവ അടങ്ങിയ രജിസ്റ്റർ എല്ലാ തദ്ദേശീയ

പോലീസ് സ്റ്റേഷനുകളിലും സൂക്ഷിക്കും. അതുപോലെ, ആശുപത്രി, പോലീസ് സ്റ്റേഷൻ, ഹെല്പ് ലൈൻ എന്നിവയുടെ നമ്പറുകൾ വീടുകളിലെത്തിക്കാനുള്ള സംവിധാനങ്ങൾ ചെയ്യും.

8.3 പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ ആശുപത്രികൾ, പൊതുശുചിമുറികൾ, സിനിമാശാലകൾ, പൊതു ഓഫീസുകൾ എന്നിവ വയോജന സ്ത്രീ സൗഹൃദമാക്കും. ശൗചാലയങ്ങളിൽ പിടിക്കാനുള്ള സ്റ്റീൽ കമ്പി നിർബന്ധമാക്കും.

8.4 മുതിർന്ന സ്ത്രീകളെ തദ്ദേശഭരണ സംവിധാനത്തിന്റെ ഭാഗമാക്കും. ആരോഗ്യമുള്ള മുതിർന്ന സ്ത്രീകളുടെ അറിവും ജീവിത പരിചയവും കണക്കിലെടുത്ത് പ്രദേശിക ഭരണത്തിൽ ഉൾപ്പെടുത്തും.

8.5 വയോജന ഗ്രാമസഭകൾ 3 മാസത്തിലൊരിക്കൽ ചേരുകയും മുതിർന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്യും.

8.6 സർക്കാർ സാമ്പത്തിക സഹായത്തോടെ നടത്തുന്ന പകൽ വീടുകൾ, സായംപ്രഭ ഹോം എന്നിവയുടെ പ്രവർത്തനം സ്ത്രീ സൌഹൃദമാക്കും.

8.7 വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ ഏകോപിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുറപ്പ് വരുത്തും.

**പദ്ധതി നിർവഹണം**

1. സംസ്ഥാനത്ത് വനിതാ വികസനത്തിന് പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. അതിനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ രൂപീകരിച്ച gender കൌൺസിൽ വനിതാ നയത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ആവശ്യമായ നിർദേശങ്ങളും ഉപദേശങ്ങളും നൽകും.
2. വിവിധ വകുപ്പുകളിലെ പദ്ധതികളുടെ ലിംഗപദവി പരിഗണനയോടെയുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ ഓരോ വാർഷിക പദ്ധതിയിലും പുതിയ നിർദേശങ്ങളും പരിഷ്കരണങ്ങളും നിർദേശിക്കാൻ genderകൌണ്സിലിനെ ചുമതലപ്പെടുത്തും,.
3. സംസ്ഥാന വനിതാ നയത്തിന്റെ ഭാഗമായി അതിന്റെ കാര്യക്ഷമമായ ആവിഷ്കരണത്തിന് അനുപൂരകമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രാദേശിക വനിതാനയത്തിനും കർമപരിപാടികൾക്കും രൂപം നൽകും.

4. സമൂഹത്തിൽ നിലനിൽക്കുന്ന പരമ്പരാഗതമായ ലിംഗപദവി ധാരണകൾ തിരുത്തുന്നതിനും ലിംഗപദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിനും ലക്ഷ്യം വെക്കുന്ന വനിത നയത്തിലെ കർമപരിപാടികളുടെ ആസൂത്രണ നിർവഹണ പ്രക്രിയകളിൽ വനിതാ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും പൗര സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കും.
5. വനിതാ നയത്തിലെ കർമപരിപാടികളുടെ നിർവഹണത്തിൽ ആദിവാസിസ്ത്രീകൾ, പട്ടിക ജാതി സ്ത്രീകൾ, മത്സ്യ തൊഴിലാളി സ്ത്രീകൾ തുടങ്ങിയ വിഭാഗങ്ങളുടെയും ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകൾ വയോജനങ്ങൾ തുടങ്ങി സവിശേഷ പരിഗണന അർഹിക്കുന്നവരുടെയും പങ്കാളിത്തത്തിനും ക്ഷേമത്തിനും മുന്നേറ്റത്തിനും പരിഗണന നൽകുവാൻ അതതു വകുപ്പുകളെ ഏൽപ്പിക്കും. .
6. വർഷം തോറും വനിതാനയത്തിന്റെ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്തു തുടർനടപടികൾ നടത്തുന്നു എന്നത് ഉറപ്പു വരുത്തുന്ന ചുമതല വനിതാ ശിശുവികസന വകുപ്പിനും gender കൌൺസിലിനും ആയിരിക്കും.
7. വിഷയാധിഷ്ഠിതമായിട്ടുള്ള നയങ്ങൾ അതതു വകുപ്പുകളുടെ ചുമതലയായിരിക്കും. അതിനു മേൽനോട്ടം വഹിക്കാനായി, ഒരു gender resource person നെ ഏല്പിക്കേണ്ടതാണ്. അവർ റിപ്പോർട്ട് ചെയ്യേണ്ടത് വനിതാ-ശിശു-വികസന വകുപ്പിനായിരിക്കും. വനിതാ-ശിശു-വികസന വകുപ്പ്, അതതു വകുപ്പുകളുമായി കൂടിച്ചേർന്നു നയം നടപ്പിലാക്കേണ്ടതാണ്.
8. വിവിധ വകുപ്പുകളുടെ ഏകീകരണം വനിതാ നയം പ്രാവർത്തികമാക്കാൻ സഹായിക്കും. എല്ലാ വകുപ്പുകളിലും സ്ത്രീകളും സ്ത്രീകളുമായി ബന്ധപ്പെട്ട പദ്ധതികളും ഉണ്ടാവുമ്പോൾ സ്വാഭാവികമായും ഏകീകരണം അത്യാവശ്യമായി വരും. ഏകീകരണം നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് വനിതാ ശിശു വികസന വകുപ്പാണ്. അതിനെ സഹായിക്കാനുള്ള ചുമതല gender കൗൺസിലിനായിരിക്കും.

========================